# അടിസ്ഥാന പാഠാവലി

## യൂണിറ്റ് 1

## കളിയല്ല കളി

കായികവും മാനസികവുമായ ശേഷികളുടെ ഏകോപനം കളികളിൽ നടക്കുന്നുണ്ട്. ഒറ്റനോട്ടത്തിൽ കായിക ശേഷികളുടെ പ്രകടനമാണ് കളികൾ. എന്നാൽ ഈ കായിക പ്രകടനങ്ങൾക്ക് തുണയായി ബുദ്ധിപരവും ചിന്താപരവും സർഗാത്മകവുമായ ഇടപെടലുകൾ കൂടി കളികൾ ഉൾക്കൊള്ളുന്നു.

"കാല്യവേള മുഴുക്കെ, യൊടിഞ്ഞൊരു
ചില്ലയാലേ കളിച്ചുകൊണ്ടങ്ങനെ
ഈ മണലിലിരുന്നുരുളീടുമെ-
ന്നോമനേ, നിനക്കെന്തൊരത്യാനന്ദം!"

(കളിക്കോപ്പുകൾ - ബാലാമണിയമ്മ)

കളിക്കോപ്പായി ഒടിഞ്ഞ ചില്ല മാത്രമുള്ളപ്പോഴും മാനസികമായ ഏകാഗ്രതയുള്ളതുമൂലം കുട്ടിക്ക് അത്യാനന്ദം ലഭിക്കുന്നു എന്നാണ് കവയിത്രി പറയുന്നത്.

"പാദസരം മുകരുന്ന - പിഞ്ചു -
പാദങ്ങൾ നീട്ടിയിരുന്നു
കൊച്ചു മുറത്തിൽ മണലു - ചേറി
കൊച്ചമ്മിണി പുലമ്പുന്നു
എത്ര ഞാനെണ്ണിക്കൊടുത്തു - പണ-
മത്രയ്ക്ക് കല്ലുണ്ടരിയിൽ!
പാറുകളകമൊതുക്കി- കക്ക
വാരിക്കുമാരിയുരച്ചു;
റൊക്കമായ് വെള്ളി കൊടുത്തീ - ക്കരി -
ശ്ശർക്കരവാങ്ങിയതാരേ?"

(ഓണസദ്യ - പി കുഞ്ഞിരാമൻ നായർ)

മണലിനെ അരിയായും കക്കയെ ശർക്കരയായും കാണാനും, ഈ പ്രതീകങ്ങൾ ഉപയോഗിച്ച് ജീവിത സന്ദർഭങ്ങളെ കളിയിലേക്ക് ഭാവനാപൂർണമായി പകർത്താനും ഇവിടെ കുട്ടികൾക്ക് കഴിയുന്നു. യഥാർത്ഥത്തിൽ കളികളിലൂടെ ജീവിത പരിശീലനം തന്നെയാണ് കുട്ടികൾ നേടുന്നത്. സഹകരണം, പരാജയം സമ്മതിക്കാനും വിജയിയെ അംഗീകരിക്കാനുമുള്ള മനോഭാവം, നിർണായകനിമിഷങ്ങളിൽ തീരുമാനമെടുക്കാനുള്ള കഴിവ്, സാമൂഹികമായ ഇടപെടൽ ശേഷി, എല്ലാവരെയും ഉൾക്കൊള്ളാനും അംഗീകരിക്കാനുള്ള മനോഭാവം തുടങ്ങി ഒട്ടേറെ ജീവിത മൂല്യങ്ങൾ കളികളിലൂടെ നേടുന്നു.

"കളിയും ചിരിയും കരച്ചിലുമായ് -
കഴിയും നരനൊരു യന്ത്രമായാൽ,
അംബ പേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കു ചാലായ്"

(കുറ്റിപ്പുറം പാലം ഇടശ്ശേരി)

കളിയും ചിരിയും കരച്ചിലും ഇല്ലെങ്കിൽ മനുഷ്യൻ യന്ത്രമായി പോകുമെന്ന് കവി നിരീക്ഷിക്കുന്നു. കോവിഡ് മഹാമാരി പിടിമുറുക്കിയ കാലത്ത് പരസ്പര സമ്പർക്കം ഇല്ലാതെ വീടുകളിൽ കഴിയേണ്ടി വന്നപ്പോൾ മാനസികമായും ശാരീരികമായും ഒട്ടേറെ പ്രശ്നങ്ങൾ കുട്ടികളിൽ ഉണ്ടായിരുന്നു. ഇതിനൊരു പ്രധാന കാരണം കളിക്കാൻ കൂട്ടുകാരില്ലാത്തതായിരുന്നു.

"പൂഴിമണലിൽപ്പണ്ടിരുന്നു
പൂത്താങ്കോലേറെ ക്കളിച്ചതല്ലേ"

(കുറ്റിപ്പുറം പാലം - ഇടശ്ശേരി)

മണൽപ്പരപ്പും മൈതാനവും പറമ്പുകളുമെല്ലാം അങ്ങനെ കളിസ്ഥലങ്ങളായും സാംസ്കാരിക വിനിമയത്തിനുള്ള പൊതുവിടങ്ങളായും വളർന്നു. ഒന്നിച്ച് കളിച്ചും ചിരിച്ചും സുഖദുഃഖങ്ങൾ തമ്മിൽ പങ്കുവെച്ചും വളർന്നവർക്കിടയിൽ മതേതരത്വം അടക്കമുള്ള ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെട്ടു. മാനവികത പോലുള്ള നവോത്ഥാന മൂല്യങ്ങളും കളികളിലൂടെ വേരുറച്ചു.

ആരെയും പുറത്തുനിർത്താതെ, ഭിന്നശേഷിക്കാരടക്കമുള്ള എല്ലാവരെയും ഉൾപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്യുന്ന, 'റ്റോമോയിലെ കായികമേള' ടോട്ടോച്ചാൻ എന്ന കൃതിയിൽ നിന്നെടുത്തതാണ്. കണ്ണനോടൊപ്പം ബാലലീലകളിൽ ഏർപ്പെടുന്ന കൂട്ടുകാരെയാണ് കാട്ടിലെ കളികൾ എന്ന കവിതാ ഭാഗത്തിലൂടെ ചെറുശ്ശേരി ചിത്രീകരിക്കുന്നത്. തുല്യത, ലിംഗനീതി തുടങ്ങിയ ഭരണഘടനാ മൂല്യത്തെ അടിസ്ഥാനമാക്കി പെൺകുട്ടികൾക്കും തുല്യ പങ്കാളിത്തം ഉണ്ടാകണമെന്ന ആശയമാണ് ' പന്തു കളിക്കാനൊരു പെൺകുട്ടി' എന്ന കഥയിൽ സൂചിപ്പിക്കുന്നത്. വിശാലാർത്ഥത്തിൽ, മനുഷ്യ ജീവിതത്തിന്റെ പ്രധാന ഭാഗം തന്നെയാണ് കളികൾ എന്ന സന്ദേശമാണ് ഈ യൂണിറ്റിൽ പ്രകടമാകുന്നത്.

# റ്റോമോയിലെ കായികമേള

എല്ലാവരെയും ഉൾക്കൊള്ളുകയും ഉൾപ്പെടുത്തുകയും ചെയ്യുമ്പോഴാണ് മനുഷ്യ ജീവിതം സുന്ദരമാകുന്നത്. പരസ്പരം കഴിവുകൾ തിരിച്ചറിഞ്ഞും സഹകരിച്ചും മുന്നോട്ടുപോകുമ്പോൾ ഏതു പ്രതിസന്ധികളെയും മറികടക്കാൻ കഴിയും. പണം കൊടുത്തു വാങ്ങുന്ന സാമഗ്രികളുടെയൊന്നും സഹായമില്ലാതെയാണ് കൊബായാഷി മാസ്റ്റർ സ്കൂൾ കായികമേള സംഘടിപ്പിച്ചത്. വിദ്യാലയചുറ്റുപാടുകളെ തന്നെ കായികമേളയ്ക്ക് വേണ്ടി സർഗാത്മകമായി രൂപപ്പെടുത്തുകയാണ് ചെയ്തത്.

ചുറ്റുപാടുകളും ആയി ബന്ധമുള്ളവരായതിനാൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഈ പരിപാടികളിൽ പങ്കെടുക്കാനും മികവുകൾ തെളിയിക്കാനും കഴിഞ്ഞു. മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽനിന്ന് ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മാറ്റിനിർത്താറില്ല. റഫറി ആകുന്നതിലൂടെ മത്സരത്തിൽ കൂടുതൽ നിയന്ത്രണാധികാരവും പങ്കാളിത്തവും അവർക്ക് ലഭിക്കുന്നു.

“ഉത്സവത്തിൻ വിലാസങ്ങൾ പോലും
മത്സരത്തിനു മാത്രമാണെങ്കിൽ”

എന്ന ദുരവസ്ഥ ഇതോടെ ഇല്ലാതാകുന്നു. അങ്ങനെ അനാരോഗ്യകരമായ മത്സരങ്ങൾ ഒഴിവാകുന്നു. വിജയപരാജയങ്ങൾക്കപ്പുറം എല്ലാവരെയും ഉൾക്കൊള്ളുന്ന സംസ്കാരം കുട്ടികളിൽ വളരുന്നു. ഇത്തിരിയോളം പോന്ന കൈകാലുകളുടെ ഉടമയായ തകാഹാഷി എല്ലായിനത്തിലും ഒന്നാമത് എത്തുന്ന തരത്തിൽ മത്സരങ്ങൾ വികസിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന സമഗ്രമായ വികാസം തന്നെയാണ് ഇത്.

കാർഷികോല്പന്നങ്ങൾ നൽകുന്നത് കായികാധ്വാനത്തെസമ്മാനമായി പരിഗണിക്കലാണ്. കൃഷിയോടും നാടിനോടും അധ്വാനത്തോടും അനുകൂല മനോഭാവം രൂപപ്പെടാനും ഇത്തരം പ്രവർത്തനങ്ങൾ വഴി കഴിയും. ആത്യന്തികമായി കായികമേളയിലൂടെ ജീവിത പരിശീലനം തന്നെയാണ് കുട്ടികൾക്ക് ലഭിക്കുന്നത്

# കളിയല്ല കളി

## മാണിക്കച്ചെമ്പഴുക്ക

കുട്ടികളും ടീച്ചറും ചേർന്നുള്ള കളി. ക്ലാസ് മുറിക്കകത്തോ പുറത്തോ ടീച്ചർക്ക് ഉചിതമായ സ്ഥലം കണ്ടെത്തി കളി സംഘടിപ്പിക്കാം. ഒരു ക്ലാസിലെ മുഴുവൻ കുട്ടികൾക്കും കളിയിൽ പങ്കാളിത്തം ഉറപ്പാക്കണം.

മാണിക്കച്ചെമ്പഴുക്ക

ആദ്യ അവസാനം ചലനാത്മകമായ ഒരു കളിയാണിത്. കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു. പിന്നിലേക്ക് പിടിച്ച കൈകളിൽ ഒരു ചെമ്പഴുക്ക (പഴുത്ത അടയ്ക്ക - ഏതെങ്കിലും ഒരു വസ്തു) കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണ്. വൃത്തത്തിന് നടുവിൽ നിൽക്കുന്ന ആൾ അറിയാതെ പിന്നിലൂടെ ചെമ്പഴുക്ക കൈമാറ്റം ചെയ്യുമ്പോൾ എല്ലാവരും ചേർന്ന് പാട്ട് പാടുന്നു.

ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്കച്ചെമ്പഴുക്ക
ആ കയ്യിലീക്കയ്യിലേ
മാണിക്കച്ചെമ്പഴുക്ക
എന്റെ വലം കയ്യിലെ
മാണിക്കച്ചെമ്പഴുക്ക
എന്റെ ഇടം കയ്യിലേ
മാണിക്കച്ചെമ്പഴുക്ക

നടുവിൽ നിൽക്കുന്ന കുട്ടി ചെമ്പഴുക്ക കയ്യിലുള്ള ആളിനെ കൃത്യമായി തിരിച്ചറിഞ്ഞു പിടിക്കുമ്പോൾ അയാളെ നടുക്കുനിർത്തി വീണ്ടും കളി തുടരാം.
എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന ഏതുകളിയും ടീച്ചർക്ക് തെരഞ്ഞെടുക്കാം)
അവധിക്കാലത്ത് ഇത്തരം ധാരാളം കളികൾ നിങ്ങൾ കളിച്ചിട്ടുണ്ടാവാം

പ്രവേശക പ്രവർത്തനം വായിക്കുന്നു

- കുട്ടിയുടെ ഏറെ നാളത്തെ ഒരാഗ്രഹത്തെപ്പറ്റി കളിയനുഭവത്തിൽ പറയുന്നുണ്ടല്ലോ. എന്താണത്?
- ഇത്രയും നാൾ ആ ആഗ്രഹം സാധിക്കാതെ പോയത് എന്തുകൊണ്ടാവാം?
- മാഷ് കളിയിൽ ഏത് ടീമിന്റെ ഒപ്പമാണ് കളിച്ചിട്ടുണ്ടാവുക?
- അതെന്തുകൊണ്ടാവാം?
- ഇത് നിങ്ങൾക്ക് ഏറെ രസകരമായ തോന്നിയ സന്ദർഭം ഏതാണെന്ന് പറയാമോ?
- ഇതുപോലെ നിങ്ങൾക്കും ഉണ്ടാവില്ലേ കളിയനുഭവങ്ങങ്ങൾ?
- ഓരോ കുട്ടിക്കും പറയാൻ അവസരം (വാചിക അവതരണത്തിന് പ്രാധാന്യം)
- ഓഡിയോ റെക്കോർഡിങ്
- അവതരണങ്ങളുടെ പുതുമ വ്യത്യസ്തത ഇവ പൊതു ചർച്ചയ്ക്ക് വിധേയമാക്കുന്നു.

| |
|---|
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക്<br>ഇഷ്ടപ്പെട്ട കളി ഏതാണ്?<br>ആരുടെ കൂടെ കളിക്കാനാണ് ഇഷ്ടം?<br>അവരവർക്ക് ഇഷ്ടമുള്ള ആവിഷ്കാര രീതി.<br>(ചിത്രം അഭിനയം) |

**പ്രവേശക പ്രവർത്തനം - വായന**

കുട്ടിക്ക് പരമാവധി പറയാനവസരം ലഭ്യമാകുന്ന രീതിയിൽ ആവണം ചർച്ച മുന്നേറേണ്ടത്. ഓരോ കുട്ടിയുടെയും അവതരണങ്ങളുടെ പുതുമ വ്യത്യസ്തത എന്നിവ അപ്പപ്പോൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം.

**പ്രവേശകത്തിലേക്ക് തിരികെ**

പ്രവേശക പ്രവർത്തനം ഒരിക്കൽ കൂടി വ്യക്തിഗതമായി വായിക്കുന്നു

ചർച്ച

<u>അധിക വായനയ്ക്ക്</u>

1. അനുബന്ധത്തിൽ ചേർത്ത് കുട്ടിക്കവിതകൾ. (ലക്ഷ്മി ടി.എസ്, 3C)
2. മറ്റു രചനകൾ അധിക വായനക്കായി നൽകാം.

നിങ്ങളുടെ വ്യത്യസ്തങ്ങളായ കളി അനുഭവങ്ങൾ നിങ്ങൾ കേട്ടു. ഇനി മറ്റൊരു സ്കൂളിലെ കൂട്ടുകാരുടെ കളി അനുഭവം വായിച്ചാലോ?


**പാഠവായനയിലേക്ക്**

- ഉചിത മാർഗ്ഗങ്ങൾ സ്വീകരിച്ച് കുട്ടികളെ നാല് ഗ്രൂപ്പാക്കുന്നു. (കളി ഉപകരണങ്ങൾ, കളികൾ, കായികതാരങ്ങൾ...)
- പാഠഭാഗത്തെ നാല് ഭാഗങ്ങളാക്കി പ്രാഥമിക വായനയ്ക്കായി നൽകുന്നു.
- കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ ഒന്നിലധികം ഗ്രൂപ്പുകൾക്ക് ഒരേ ഭാഗം നൽകാവുന്നതാണ്
- വായനയുടെ വേഗത പരിഗണിച്ച് ഒന്നിൽ കൂടുതൽ പ്രാവശ്യവും അവസരം ഒരുക്കാം
- ഓരോ ഗ്രൂപ്പും തന്നിട്ടുള്ള ഭാഗം വായിച്ചശേഷം ഒരു പദസൂര്യൻ തയ്യാറാക്കേണ്ടതുണ്ട്.

| |
|---|
| ഗ്രൂപ്പ് 1 മീൻ വായിലോട്ടം<br>ഗ്രൂപ്പ് 2 വടംവലി<br>ഗ്രൂപ്പ് 3 റിലേ<br>ഗ്രൂപ്പ് 4 സമ്മാനം |

- ഓരോ ഗ്രൂപ്പിന്റെയും വായനയ്ക്കനുസരിച്ച് ഘട്ടം ഘട്ടമായി പദസൂര്യൻ വിപുലീകരിക്കണം
- ഓരോ ഗ്രൂപ്പും തന്നിട്ടുള്ള ഭാഗത്തിന്റെ ആശയവും തയ്യാറാക്കിയ പദസൂര്യനും അവതരിപ്പിക്കുന്നു.

ഈസമയം ടീച്ചർ റ്റോമോയിലെപ്രത്യേകതകൾ എന്ന പൊതുവായ ആശയപടം നിർമ്മിക്കുന്നു ഈ പദസൂര്യൻ നോട്ടുബുക്കിൽ വരയ്ക്കുന്ന കുട്ടികൾ, അത് വീട്ടിൽ പോയി വായിക്കുമ്പോൾ കിട്ടുന്ന ആശയങ്ങളും കൂടി പദസൂര്യനിൽ രേഖപ്പെടുത്തുന്നു.



## കുറിപ്പ് (വ്യക്തിഗതം)

പദസൂര്യൻ ഉപയോഗിച്ച് റ്റോമോയിലെ കായികമേളയുടെ സവിശേഷതകളെപ്പറ്റി കുറിപ്പ് തയ്യാറാക്കുന്നു. കുറിപ്പ് അവതരിപ്പിക്കുന്നു. അതിനുശേഷം പൊതുചർച്ച. റ്റോമോയിലെ കായികമേളയും നമ്മുടെ സ്കൂളിലെ കായികമേളയും തമ്മിൽ എന്തെല്ലാം സാമ്യങ്ങളും വ്യത്യാസങ്ങളുമുണ്ട്? സ്വതന്ത്ര പ്രതികരണം ടീച്ചർ വിലയിരുത്തുന്നു

- സൂചകങ്ങൾ
  - റ്റോമോയിലെ കായികമേളയുടെ പ്രത്യേകതകൾ കുട്ടി തിരിച്ചറിഞ്ഞിട്ടുണ്ട്
  - തന്റെ വിദ്യാലയത്തിലെ കായികമേളയുമായി താരതമ്യപ്പെടുത്തിയിട്ടുണ്ട്
  - കണ്ടെത്തിയ കാര്യങ്ങൾ തുടർച്ച നഷ്ടപ്പെടാതെ അവതരിപ്പിച്ചിട്ടുണ്ട്

- രസികൻ പ്രയോഗങ്ങൾ

പാഠത്തിൽ രസകരമായ ചില പ്രയോഗങ്ങളുണ്ട്

- മിന്നൽ വേഗത്തിൽ ഉൾപ്പെട്ട വാചകം ടീച്ചർ BB യിൽ എഴുതുന്നു. മിന്നൽ വേഗത്തിൽ എന്നുള്ളത് അടിവരയിരുന്നു. ഈ പ്രയോഗത്തെക്കുറിച്ച് ചർച്ച നടത്തുന്നു
- മിന്നൽ വേഗത്തിൽ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
- മിന്നൽ വേഗത്തിൽ എന്ന പ്രയോഗത്തിന് അതിവേഗത എന്ന അർത്ഥമുണ്ടായത് എങ്ങനെയാണ്?

മിന്നലിന്റെ പ്രത്യേകതകൾ
- ശക്തി
- പ്രകാശം മിന്നിമായുന്നത്
- തീരെപ്രതീക്ഷിക്കാത്ത അത്ര വേഗത
- ഒരു ഞൊടി നേരം കൊണ്ട് വന്നു പോകുന്ന പ്രതിഭാസം

മിന്നൽ വേഗത്തിൽ എന്ന പ്രയോഗം അതിന്റെ ഭാഷാപരമായ സൗന്ദര്യം യുക്തി എന്നിവ ചർച്ച ചെയ്യുന്നു.

വെള്ളം കുടിക്കുക BBയിൽ രേഖപ്പെടുത്തുന്നു. ഇതിൻറെ അർത്ഥം കുട്ടികൾ ഊഹിച്ചു പറയട്ടെ. പാഠഭാഗത്തിൽ 'വെള്ളം കുടിക്കുക' എന്ന വാക്യത്തിൽ അതിന്റെ അർത്ഥം എന്തായിരിക്കും?

| പ്രയോഗം | ശരിയായ അർത്ഥം | ആലങ്കാരിക അർത്ഥം |
|---|---|---|
| വെള്ളം കുടിക്കുക | ദാഹത്തിനായി വെള്ളം കുടിക്കുക | ബുദ്ധിമുട്ടുക |
| നട്ടംതിരിയുക | മുമ്പോട്ട് പോകാനാവാതെ പ്രയാസപ്പെടുക | ഒരു വഴിയുമില്ലാതെ ഗതികെടുക |
| അടിപൊളി | | |
| തേച്ചിട്ട് പോയി | | |
| ചെത്തി നടക്കുക | | |
| ഭയങ്കരം | | |
| അസാധ്യം | | |

വെള്ളം കുടിക്കുക എന്ന പ്രയോഗത്തിന് പാഠഭാഗത്ത് ഉപയോഗിച്ചിരിക്കുന്ന അർത്ഥം ബുദ്ധിമുട്ടുക എന്നതാണ്. ആഴത്തിൽ മുങ്ങിപ്പോകുമ്പോൾ രക്ഷയില്ലാതെ വരുന്ന അവസരത്തിൽ വെള്ളം കുടിച്ചു പോകുന്നു. ഈ അർത്ഥത്തിൽ അല്ലാതെ പ്രയാസപ്പെടുക എന്ന ആശയത്തിൽ ഊന്നിയാണ് വെള്ളം കുടിക്കുക എന്ന പ്രയോഗം രൂപപ്പെട്ടത്.
വെള്ളവുമായോ വെള്ളം കുടിക്കുന്നത് മായോ ബന്ധമില്ലാത്ത ഒരു സന്ദർഭത്തിൽ ഈ ശൈലി പ്രയോഗിക്കുന്നത് സന്ദർഭത്തിലെ ഏറ്റവും കൃത്യമായ ആശയം എത്തിക്കുന്നതിനാണ്.

### TB പ്രവർത്തനം - ചേരുമ്പോഴും പിരിയുമ്പോഴും

- ഒരു അപൂർവത എന്ന വാക്ക് BB യിൽ എഴുതി പല ആവർത്തി ഉച്ചരിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.
- തുടർച്ചയായി പറയുമ്പോൾ രണ്ടു വാക്കുകൾ ചേർന്ന് ഒറ്റ വാക്കായി മാറുന്നത് ടീച്ചർ BB യിൽ രേഖപ്പെടുത്തുന്നു 'ഒരപൂർവത.'
- കൂടുതൽ വാക്കുകൾ ടീച്ചർ BBയിൽ എഴുതുന്നു
    * മൂന്നുകാലിൽ ഓട്ടം
    * കായികമേളയ്ക്ക് ഉണ്ടായിരുന്നു
    *
    *

    കുട്ടികൾ കൂടുതൽ വാക്കുകൾ പറയട്ടെ

- ഒന്നിച്ചുള്ള വാക്കുകൾ പറയാം. കുട്ടികൾ വേറിട്ടു പറയട്ടെ
    * പങ്കെടുക്കാനാവാത്ത
    * ഊഴമവസാനിച്ചു
-

  കൂടുതൽ വാക്കുകൾ കണ്ടെത്തി കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഇത്തരം പദകേളികൾ ചേർത്ത് തിരിച്ചും പറയട്ടെ.
- നോട്ടു ബുക്കിൽ രേഖപ്പെടുത്തുകയുമാവാം

### മത്സരങ്ങളാകാത്ത കളികൾ

കുട്ടികൾ രണ്ടോ മൂന്നോ കളികളുടെ പേര് പറയുന്നു. ടീച്ചർ BB യിൽ രേഖപ്പെടുത്തുന്നു. ഇനി ടീച്ചർ ഒരു കളിയുടെ പേരെഴുതുന്നു. തോൽവിയും ജയവും ഇല്ലാത്ത കളിയുടെ പേര് എഴുതുന്നു.

ഉദാ: മാണിക്കച്ചെമ്പഴുക്ക

നിങ്ങൾ പറഞ്ഞ കളിയും ടീച്ചർ പറഞ്ഞ കളിയും തമ്മിലുള്ള പ്രധാന വ്യത്യാസം എന്താണ്? ജയപരാജയങ്ങൾ ഇല്ലാത്ത കളികൾ എന്നതിലേക്ക് ചർച്ച നയിക്കണം. ഇത്തരം കൂടുതൽ കളികൾ കുട്ടികൾ പറയട്ടെ

ഇത്തരത്തിലുള്ള ജയവും തോൽവിയും ഇല്ലാത്ത ഒരു കളി ടീച്ചറും കുട്ടികളുംകൂടി കളിക്കുന്നു.

ഉദാഹരണം: ഉണ്ടച്ചെണ്ട (പ്രാദേശിക പേര് വ്യത്യസ്തമാവാം)

കുറേപ്പേർ ഒന്നിച്ച് വട്ടത്തിൽ നിന്നിട്ട് നടുവിൽ നിൽക്കുന്ന ഒരാളുടെ കൈവെള്ളയിൽ അടിച്ചു കൊണ്ട് പാടുന്നു.

അണ്ട ഉണ്ട വട്ടുണ്ട
എന്നെ തൊടാൻ പാടില്ല
ആലിന്റെവിടെ ചെല്ലുമ്പം
എന്നെ തൊടാൻ പാടില്ല

(മാല പോലെ കൂട്ടിച്ചേർക്കാം)

പാടിപ്പാടി ഒരു ഘട്ടത്തിൽ കുട്ടികൾക്ക് കൂട്ടിച്ചേർക്കാൻ കിട്ടാതെ ആവുമ്പോൾ നടുവിൽ നിൽക്കുന്ന കുട്ടിയുടെ കൈവെള്ളയിൽ അടിച്ചു എല്ലാവരും ഓടിപ്പോകുന്നു. അടി വാങ്ങിയ ആൾ പിറകെ ഓടി ആരെയെങ്കിലും തൊടാൻ ശ്രമിക്കുന്നു. പിന്നീട് അയാളുടെ കൈവെള്ളയിൽ കൈ ചേർത്ത് എല്ലാവരും കൂടി പാട്ടുപാടി ആവർത്തിക്കുന്നു. പിന്നെയും കളി തുടരുന്നു.

## കാട്ടിലെ കളികൾ

"ഇത്തിരിക്കൂടി നടന്നപ്പോൾ
മുക്കിലിരിപ്പു ചെറുശ്ശേരി
ഉന്തുന്തുന്തുന്തുന്തു ന്തെന്നോർത്ത്
മുന്തിരിപ്പാട്ടുകൊടുക്കുന്നു"
(പെണങ്ങുണ്ണി-കുരീപ്പുഴ ശ്രീകുമാർ)

ചെറുശ്ശേരി നൽകിയ മുന്തിരിപ്പാട്ടാണ് കൃഷ്ണഗാഥ. കണ്ണന്റെ കുട്ടിക്കാല കുസൃതികളും കളികളും ചെറുശ്ശേരി കൃഷ്ണഗാഥയിൽ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. രാജാവും ചെറുശ്ശേരിയും തമ്മിൽ ചതുരംഗം കളിക്കുമ്പോൾ ആളെ ഉന്തിയില്ലെങ്കിൽ രാജാവ് തോൽക്കും ചെറുശ്ശേരി ജയിക്കും എന്ന നിലവന്നു. അപ്പോഴാണ് അടുത്ത് നിന്ന് കളി കണ്ടിരുന്ന രാജ്ഞി കുട്ടിയെ തൊട്ടിലാട്ടുന്ന പാട്ടിലൂടെ ആളെയുന്ത് എന്ന രഹസ്യം നിർദ്ദേശം നൽകിയത്. രാജാവ് ചതുരംഗക്കളത്തിലെ ആളെ ഉന്തി. ചെറുശ്ശേരി കളിയിൽ തോറ്റെങ്കിലും രാജ്ഞി പാടിയ പാട്ടിന്റെ ഈണം തന്റെ കവിതയിൽ സുന്ദരമായി ആവിഷ്കരിച്ചു.

" കോലഭൂപാലകാജ്ഞതൻ നൂലിൽ
മാലകോർത്തതാണെൻ മലയാളം"
(ഭാവത്രയം-ചങ്ങമ്പുഴ)

ജീവിത നിരീക്ഷണവും ഭാവനയും കൊണ്ട് സമ്പന്നമായ കൃഷ്ണഗാഥ മലയാളഭാഷയെ കൂടുതൽ സുന്ദരമാക്കി. വെണ്ണ കട്ട് തിന്നും സമപ്രായക്കാരോടൊപ്പം കളിച്ചു തിമിർത്തും കണ്ണൻ കുട്ടിക്കാലത്തെ ആഘോഷമാക്കി. ഉണ്ണിക്കണ്ണന്റെ ബാല്യകാല ലീലകൾ ഒട്ടേറെ കവികളെ ആകർഷിച്ചിട്ടുണ്ട്.

"കണ്ണനുണ്ടങ്ങതാ കാളിന്ദി തീരത്തു
മണ്ണപ്പം ചുട്ടു കളിക്കുന്നു
അമ്മ വിളിപ്പതും കേൾക്കാതെ പൈക്കൾത

ന്നുമ്പാരവം പോലുമോർക്കാതെ!
കുങ്കുമപ്പൊട്ടു കുതിർന്നിടും കാഞ്ചന-
ക്കിങ്ങിണിയേറെ കിഴിഞ്ഞിട്ടും
പീലി തിരുമുടി ചിന്നിച്ചിതറീട്ടും
താളുപോൽ തൻമെയ് തളർന്നിട്ടും
കണ്ണനുണ്ടങ്ങതാ കാളിന്ദി തീരത്ത്
മണ്ണപ്പം ചുട്ടു കളിക്കുന്നു!"
(കൃഷ്ണലീല-പുലാക്കാട്ട് രവീന്ദ്രൻ)

പ്രകൃതിയെ കണ്ടും തൊട്ടും കേട്ടും അറിഞ്ഞും അനുകരിച്ചും ആണ് കണ്ണനും കൂട്ടുകാരും കാട്ടിൽ കളിക്കുന്നത്. മൃഗങ്ങളെയും പക്ഷികളെയും മരങ്ങളെയുമെല്ലാം കളിക്കൂട്ടുകാരാക്കുമ്പോൾ, മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്ന സന്ദേശം അംഗീകരിക്കുകയാണ് കുട്ടികൾ ചെയ്യുന്നത്. സർവ്വചരാചരങ്ങളെയും ഒരുപോലെ കാണുന്ന ഈ കുട്ടിത്തം കൈമോശം വരുമ്പോഴാണ് മനുഷ്യൻ പ്രകൃതിയിൽ നിന്നകലുന്നത്. ചലിക്കുന്നതും ചലിക്കാത്തതുമായ എല്ലാ ജീവജാലങ്ങളെയും സ്വന്തം കൂട്ടുകാരാക്കുകയാണ് കണ്ണനും കൂട്ടുകാരും ചെയ്യുന്നത്. സ്വാതന്ത്ര്യവും ഭാവനയും ഒത്തുചേരുമ്പോൾ കളികൾ കൂടുതൽ സുന്ദരമായി മാറുന്നു. കളികളുടെയും കുട്ടിത്തത്തിന്റെയും ഈ സൗന്ദര്യമാണ് ചെറുശ്ശേരി ചിത്രീകരിക്കുന്നത്.

"കുട്ടികളെത്തിയ കുറ്റിക്കാട്ടിൽ
പൊട്ടിവിടർന്നൂ പൊന്നോണം"
(ഒളപ്പമണ്ണ)

**പാഠത്തിലേക്ക്**

നേരത്തെ നമ്മൾ കളിച്ചത് പോലെയുള്ള മറ്റൊരു കളിയെയും കളിക്കാരെയും കളിയിടവും നമുക്ക് പരിചയപ്പെടാം

- മൗനവായന - അർത്ഥം വ്യക്തമാവാത്ത പദങ്ങൾ അടിവരയിട്ടു പോകുന്നു
- ഗ്രൂപ്പുകളാക്കാം
- ഒന്നിച്ചുചൊല്ലാം കേൾക്കാം രസിക്കാം
    - വ്യത്യസ്ത ആലാപന മാതൃകകൾ സ്വീകരിച്ച് കുട്ടികൾ കവിത ചൊല്ലുന്നു
    - ആവർത്തിച്ചുള്ള ആലാപനം
    - വ്യക്തിഗത ആലാപനം

**പദങ്ങൾ അന്വേഷിച്ച് TB പ്രവർത്തനം**

* അർത്ഥം വ്യക്തമാവാത്ത പദങ്ങൾ നിഘണ്ടു നോക്കി കണ്ടെത്തി എഴുതുന്നു.

കവിതയുടെ ആശയത്തിലേക്ക്

ടീച്ചർക്ക് ചില ചോദ്യങ്ങൾ ചോദിക്കാം

- മത്സരമില്ലാത്ത കുറെ കളികളെ കുറിച്ച് നമ്മൾ പറഞ്ഞുവല്ലോ
- ഏതെല്ലാം കളികളെ പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്?

### ഒന്നിച്ച് ചൊല്ലാം കേൾക്കാം രസിക്കാം

വ്യക്തിഗതമായ വായനയ്ക്കുശേഷം കുട്ടികളെ ഗ്രൂപ്പുകളാക്കാം. വ്യത്യസ്ത ആലാപന മാതൃകകൾ സ്വീകരിച്ച് കുട്ടികൾ കവിത ചൊല്ലട്ടെ. (ആവർത്തിച്ചുള്ള വായനയ്ക്ക് പ്രാധാന്യം.)
ഒരു നല്ല ആലാപനം മാതൃക കുട്ടികൾക്ക് നൽകാം ( ടീച്ചർ, ICT, etc.)
വീണ്ടും ചൊല്ലാൻ അവസരം

| വിലയിരുത്തൽ |
|---|
| വ്യക്തത |
| ഈണം |
| ഭാവം |
| താളം |
| * |
| * |

### കവിതയിലേക്ക്

ഇനി താഴെ ചേർത്തിരിക്കുന്ന കവിത കുട്ടികളെ പരിചയപ്പെടുത്താം.
“കൂടെ നടക്കും ചങ്ങാതി ഞാൻ കളിക്കും കളികളിൽ കൂടാൻ കാത്തിരിക്കും ചങ്ങാതി”
ഈ കവിതയിൽ എന്തിനെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്? ഇതേ ആശയം വരുന്ന വരികൾ പാഠഭാഗത്തുനിന്ന് കുട്ടികൾ കണ്ടെത്തട്ടെ. മറ്റെന്തിനോടൊക്കെയാണ് കുട്ടികൾ കളിക്കുന്നത്? വരികൾ കണ്ടെത്തുന്നു

### കളിയഴക് വരിയഴക്

നിഴലിനൊപ്പമുള്ള കളികൾ ധാരാളമായി കളിച്ചിട്ടുള്ളവരാണ് കുട്ടികൾ. പക്ഷികളെയും മൃഗങ്ങളെയുമൊക്കെ അനുകരിക്കാനും കുട്ടികൾ നല്ല താല്പര്യം കാണിക്കാറുണ്ട്.
കേകികൾ ... പാടുകയും
പാഠഭാഗത്തെ ഇത്തരം ദൃശ്യങ്ങൾ കുട്ടികൾക്ക് അവതരിപ്പിക്കാൻ ഗ്രൂപ്പടിസ്ഥാനത്തിൽ അവസരം നൽകാം. (ചിത്രം അഭിനയം നൃത്തം)
അവതരണങ്ങൾ വീഡിയോ ചെയ്യാനും ക്ലാസ് ഗ്രൂപ്പുകളിൽ പ്രദർശിപ്പിക്കാനും ശ്രദ്ധിക്കുമല്ലോ.

### കവിതാ ശേഖരണം

സമാന കവിതയായി പാഠഭാഗത്ത് നൽകിയിരിക്കുന്നത് ഒഎൻവിയുടെ കവിതാ ഭാഗമാണ്. കൂടുതൽ കവിതകൾ തെരഞ്ഞെടുത്ത് ഗ്രൂപ്പുകളിൽ നൽകി കവിതയരങ്ങിൽ അവതരണത്തിനുള്ള മുന്നൊരുക്കവും നടത്താം.

പുഞ്ചനെൽപ്പാടങ്ങൾ പുഞ്ചിരികൊൾകവേ
കൊഞ്ചിയും പൂഞ്ചിറകിട്ടടിച്ചും
ചെഞ്ചമേ ചാഞ്ചാടി വാണു മലനാട്ടിൽ
പഞ്ചവർണ്ണക്കിളിയന്നു മുന്നം (പള്ളത്ത് രാമൻ)
ഒരുകുടം തണ്ണീരുമൊക്കത്ത് വച്ചൊരാ
കരിമുകിൽപ്പെൺകൊടി എങ്ങു പോയി
വയലിന്റെ തൊണ്ട വരണ്ട കിടക്കുമ്പോ-
ളുയിരറ്റു തോപ്പുകൾ നിന്നിടുമ്പോൾ
(പി. ഭാസ്കരൻ)

### കുറിപ്പാക്കാം പതിപ്പാക്കാം

എത്രത്തോളം കളികൾ കളിച്ചു കഴിഞ്ഞു! എത്ര ആഗ്രഹിച്ചിട്ടും കളിക്കാൻ കഴിയാത്ത കളികളുണ്ടോ?
കളിക്കാൻ ആഗ്രഹിച്ചിട്ടും ആവാത്ത കളികളുടെ ഒരു പട്ടിക തയ്യാറാക്കാമല്ലോ. BB യിൽ രേഖപ്പെടുത്താം (വ്യക്തിഗതം)

തന്റെ നടക്കാത്ത കളി മോഹത്തെ പറ്റി ടീച്ചർക്കും പറയാം.
നടക്കാതെപോയ തന്റെ കളിമോഹത്തെ പറ്റി കുട്ടി ഒരു കുറിപ്പ് തയ്യാറാക്കട്ടെ.
ക്ലാസ്സിൽ വായിച്ചവതരിപ്പിക്കാം. ടീച്ചറും തൻറെ കളിമോഹത്തെ പറ്റി എഴുതി തയ്യാറാക്കിയ കുറിപ്പും ചേർത്ത് ഒരു പതിപ്പ് തയ്യാറാക്കാം.
കളിക്കാൻ ആശിച്ച് കളിക്കിറങ്ങിയ ഒരാളെ പരിചയപ്പെട്ടാലോ.

## പന്ത് കളിക്കാനൊരു പെൺകുട്ടി

"കൈത്തിരി ഒന്ന് കൊളുത്തി നമ്മ-
ളിത്തിരി മുമ്പുപുറപ്പെടുമ്പോൾ
അമ്മ പറഞ്ഞില്ലേ ; "പെൺ കിടാവിന്നാറാടാൻ തെല്ലു
പുലർന്നാലെന്തേ?"
"ഓർത്തു നടക്കണ,മേറെച്ചിത്രം
ഓട്ടപ്പെടു" മെന്നവർ പറഞ്ഞു.
ക്രൂരമാശങ്കയ്ക്കേ തന്മകൾത-
ന്നോരോ ചലനവുമമ്മയ്ക്കുള്ളിൽ.
കാലേ കുളിച്ചാലോ വേശിയാട്ടം
കാലത്തെണീക്കാഞ്ഞാൽ കള്ള നാട്യം,
പോവാതിരുന്നാലുമമ്പലത്തിൽ
പ്പോയാലുമെപ്പോഴും മറ്റൊരർത്ഥം.
ജീവിതം തീതിന്നമ്മയ്ക്കയ്യോ,
പാവം മകൾക്കൊരു മുൾക്കിരീടം
(വിവാഹസമ്മാനം - ഇടശ്ശേരി)

വിലക്കുകളും മാറ്റിനിർത്തലുകളും ഇന്നും പെൺകുട്ടികൾക്കും സ്ത്രീകൾക്കും അനുഭവിക്കേണ്ടി വരുന്നില്ലേ? സ്ത്രീകൾക്ക് വോട്ടവകാശം പോലും നിഷേധിച്ച കാലം ലോകചരിത്രത്തിലുണ്ട്. വീട്ടുജോലികൾ സ്ത്രീകൾ തന്നെ ചെയ്യണമെന്ന് നിർബന്ധ ബുദ്ധി ഇന്നും തുടരുന്നില്ലേ?
ആൺകുട്ടികൾ ചൂലെടുക്കരുത് പെൺകുട്ടികൾ മരം കയറരുത് തുടങ്ങിയ നിർദേശങ്ങളും ചിലപ്പോൾ ഉണ്ടാകാറുണ്ട്.

"കിതപ്പാറിയില്ല
വരട്ടെ, വരട്ടെ
തിരക്കേറയല്ലേ
പതുക്കെ, പതുക്കെ
പുലർച്ചയ്ക്കെണീറ്റിട്ടു
ശ്വാസം വിടാനേ
കിടച്ചില്ല നേരം"
അടിപ്പും തുടപ്പും
അലക്കും നനപ്പും
വിരുന്നൂണു വെപ്പും

തൊഴുത്തും പറമ്പും
കടയ്ക്കായ് നടപ്പും
കഴുത്തിന്നുളുക്കും
നടുക്കാകെ നോവും
പനിക്കോളുമുണ്ടെന്നു
തോന്നുന്നിതാരേ
ചെവിക്കൊള്ളുവാൻ?"

(താരാട്ട് - സച്ചിദാനന്ദൻ)

സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങൾ ഭാഷയിൽ പോലും നിലനിൽക്കുന്നുണ്ട്. 'ഉറക്കെ ചിരിക്കുന്നവളെ ഉലക്ക കൊണ്ടടിക്കണം', 'പെൺബുദ്ധി 'പിൻബുദ്ധി' തുടങ്ങിയ പഴഞ്ചൊല്ലുകളിൽ പ്രകടമാവുന്നത് സ്ത്രീവിരുദ്ധ മനോഭാവം തന്നെയാണ്.

"വീടിനു നല്ലൊരു വിളക്കു നീ
തറവാടിനു നിധി നീ കുടുംബിനി"

എന്നു തുടങ്ങുന്ന സിനിമാഗാനത്തിലെ ചില വരികൾ കൂടി നോക്കാം.

"പകലിരവോളം പണി ചെയ്താലും
പരിഭവമില്ലാ പകയില്ലാ"

രാത്രിയും പകലും പണി ചെയ്യാൻ ചുമതലയുള്ളവളാണ് സ്ത്രീ എന്ന സന്ദേശമാണ് ഈ സിനിമാഗാനം നൽകുന്നത്.

"പുമാന്റെ ചിത്തത്തെ വെളിപ്പെടുത്താൻ
ധാരാളമാണീപ്പടുഭാഷ തന്നെ
ഉണ്ടായതില്ലീ നിമിഷംവരേയ്ക്കും
സ്ത്രീചിത്തമോരുന്നൊരു ഭാഷ ഭൂവിൽ"

എന്ന് പി.കുഞ്ഞിരാമൻ നായർ ഭാഷയിലെ സ്ത്രീ വിവേചനത്തെ സൂചിപ്പിക്കുന്നുണ്ട്.

തുല്യത ലിംഗനീതി തുടങ്ങിയ മൂല്യങ്ങളെ ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്നു. പെൺകുട്ടികൾക്കും സ്ത്രീകൾക്കും തുല്യ അവസരങ്ങളും തുല്യനീതിയും ലഭിക്കണമെന്നും ലിംഗപരമായ വിവേചനങ്ങൾ പാടില്ല എന്നും ഭരണഘടന പറയുന്നു. ഈ ഭരണഘടനാ മൂല്യത്തെ സുന്ദരമായി ചിത്രീകരിക്കുന്ന പാഠഭാഗമാണ് പന്ത് കളിക്കാനൊരു പെൺകുട്ടി. പന്തു കളിക്കാൻ അവസരം തേടിയെത്തിയ സുമംഗലയെ തടയുന്നത് പ്രകാശനല്ല; അയാളിൽ ഉറച്ചുപോയ ലിംഗവിവേചന മനോഭാവമാണ്. ഈ മനോഭാവം ഒരു വ്യക്തിയിൽ വേരുപിടിക്കുന്നത് മുകളിൽ സൂചിപ്പിച്ച അനേകം ആശയ വിനിമയങ്ങൾ വഴിയാണ്. അവസരങ്ങൾ ലഭിക്കുമ്പോൾ ഫുട്ബോൾ കളി, പത്രപ്രവർത്തനം തുടങ്ങിയ ഒട്ടേറെ മേഖലകളിൽ സ്ത്രീകൾക്ക് ശോഭിക്കാൻ കഴിയുമെന്നും പാഠം സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ തുല്യത എന്ന ആശയത്തിന്റെ സുന്ദരമായ ആവിഷ്കാരമാണ് ഈ പാഠം.

## പാഠത്തിലേയ്ക്ക്...

നടക്കാനാവാത്ത ഒരു കളിമോഹത്തെ പറ്റി എല്ലാവരും പറഞ്ഞല്ലോ. ഈ കൂട്ടുകാരിക്ക് എന്താണ് സംഭവിച്ചതെന്ന് നോക്കാം

ഓരോരുത്തരെയും സ്വതന്ത്രവായനക്കാരാൻ ഗ്രൂപ്പ് വായനയുടെ വ്യത്യസ്ത ഘട്ടങ്ങൾ

## മൗനവായന

- മൗനവായന -വ്യക്തിഗതം
- ഗ്രൂപ്പ് തിരിക്കൽ
- ഗ്രൂപ്പിൽ കഥ വായിച്ച് പൂർത്തിയാക്കൽ
- പരിചിതമല്ലാത്ത പദങ്ങൾ രേഖപ്പെടുത്തൽ
- നിഘണ്ടു പരിശോധിച്ച് അർത്ഥം ഉറപ്പാക്കൽ
- ഗ്രൂപ്പിൽ മികച്ച വായനക്കാരെ തെരഞ്ഞെടുക്കുന്നു
- ഗ്രൂപ്പിന്റെ പ്രതിനിധികൾ ചേർന്ന് വായന പൂർത്തിയാക്കൽ

## ഓരോരുത്തരെയും സ്വതന്ത്രവായനക്കാരാൻ ഗ്രൂപ്പ് വായനയുടെ വ്യത്യസ്ത ഘട്ടങ്ങൾ

- മൗനവായന
- വ്യക്തിഗത വായന

## ഗ്രൂപ്പിലെ വായനാഘട്ടം 1

ഒരുകുട്ടി ഒരുഖണ്ഡിക എന്ന നിലയിൽ വായിക്കണം

എല്ലാവർക്കും അവസരം നൽകി പാഠം വായിച്ച് പൂർത്തിയാക്കണം

ഗ്രൂപ്പിൽ വായന വിലയിരുത്തുന്നു മികച്ച വായനക്കാരനെ കണ്ടെത്തുന്നു

പിന്നാക്കക്കാരെ കണ്ടെത്തി സഹായിക്കുന്നു

മികച്ച വായന
* ആശയ വ്യക്തത
* അക്ഷര സ്ഫുടത
* ഒഴുക്ക്
* ശബ്ദ ക്രമീകരണം
* ഭാവം
*
*
*

## ഗ്രൂപ്പിലെ വായന ഘട്ടം 2

ഓരോ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ചേർന്ന് വായനയുടെ പൊതു അവതരണം

വായനകേട്ട് രസകരമായ പ്രയോഗങ്ങൾ കണ്ടെത്തണം
അടിവരയിടണം
നോട്ടുബുക്കിൽ എഴുതണം
(വ്യക്തിഗതമായി ഓരോ കുട്ടിയും ചെയ്യണം)

എല്ലാ ഗ്രൂപ്പും ചേർന്ന് കഥ പൂർത്തിയാക്കണം

ഓരോ കുട്ടികളെയും ഗ്രൂപ്പ് മാറ്റി വിശകലന ചോദ്യങ്ങൾ ചേർന്ന് ആശയത്തിലേക്ക്

## രസകരമായ പ്രയോഗങ്ങൾ

* ഓട്ടക്കൈ

- കൈയ്യ് ഓട്ട (ദ്വാരം) വീണാൽ എന്താണ് സംഭവിക്കുക?
- അങ്ങനെ കയ്യിൽ ഓട്ട ഉണ്ടാവാറുണ്ടോ?
- പാഠഭാഗത്ത് ഈ പ്രയോഗമുള്ള സന്ദർഭം ഏതാണ്?
- അമിതമായി പണം ചെലവാക്കുന്ന വരെ ഓട്ടക്കയ്യൻ എന്ന് വിളിക്കാറുണ്ട്

ടീച്ചറോട്...

[ഗോളിയാവാൻ താല്പര്യമില്ലാതിരുന്ന മഞ്ഞക്കിളിയെ
ഗോളിയാക്കിയത് പ്രകാശനാണ്. പ്രകാശനോടുള്ള
അതിർത്തികൊണ്ട് മഞ്ഞക്കിളി എതിർ ടീമിൻറെ ഗോളുകൾ
പലപ്പോഴും വിട്ടുകൊടുത്തു.
ഗോളി പന്ത് വിട്ടു കളഞ്ഞത് ടീമിന് ക്ഷീണമുണ്ടാക്കി.
ഇതിൽ പ്രകോപിതനായ പ്രകാശൻ മഞ്ഞയോട് ഗോൾ
വഴങ്ങിയതിന്റെ അമർഷം പ്രകടിപ്പിക്കുകയാണ്]
ഇത്തരം പ്രയോഗങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി
സന്ദർഭവും വിശദാംശവും നോട്ടുബുക്കിൽ കുറിക്കുന്നു.

## സംവാദം TB പ്രവർത്തനം - മകനോട്

- "ഒന്നും ആൺകുട്ടികളുടെ കുത്തകയല്ല. അങ്ങനെ ചിന്തിക്കുന്നത് നല്ല ആൺകുട്ടികളുടെ ലക്ഷണവുമല്ല."
- കുട്ടികൾക്ക് സ്വതന്ത്ര പ്രതികരണത്തിന് അവസരം. അമ്മയുടെ വാക്കുകളോട് യോജിക്കുന്നവരും വിയോജിക്കുന്നവരും രണ്ട് ഗ്രൂപ്പുകളാകുന്നു.
- ടീച്ചർ മോഡറേറ്റർ ആകുന്നു.
- ജനാധിപത്യരീതിയിൽ സംവാദം നടത്തുന്നു.
- ഒരു ഭാഗത്തിന്റെ വാദമുഖങ്ങളെ ഖണ്ഡിക്കാൻ മറുഭാഗത്തിന് അവസരം നൽകുന്ന രീതിയിലാവണം അവതരിപ്പിക്കേണ്ടത്.
- ക്രോഡീകരണം
- അമ്മ പറഞ്ഞതാണ് ശരി എന്ന നിലയിലേക്ക് സംവാദം ക്രോഡീകരിക്കണം

(ഇടപെടുന്ന എല്ലാ മേഖലകളിലും ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരുപോലെ അവസരസമത്വം ലഭ്യമാകുന്ന സമൂഹമാണ് ഉണ്ടാവേണ്ടത് എന്ന ആശയം കുട്ടികളിൽ ഉറപ്പിക്കാൻ ക്രോഡീകരണത്തിലൂടെ ടീച്ചറിന് കഴിയണം)

സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീ രത്നങ്ങളെ പരിചയപ്പെടുത്താനും ഈ അവസരം ഉപയോഗിക്കണം

| | | |
|---|---|---|
| * മാർത്തയുടെ കഥ<br>* കൽപ്പന ചൗള<br>* മിന്നുമണി<br>*<br>* | } | അധികവായന അനുബന്ധം |

എന്തു സന്ദേശമാണ് ഇവരുടെ ജീവിതം നമുക്ക് നൽകുന്നത് (കുറിപ്പെഴുതാം)

**മഞ്ഞക്കിളിയുടെ ഡയറി TB**

- മഞ്ഞക്കിളി വൈകുന്നേരം വീട്ടിലെത്തിയപ്പോൾ മനസ്സിൽ നിറയെ ചിന്തകളായിരുന്നു
- സുമംഗലയ്ക്ക് ഇനിയും അവസരം കിട്ടുമോ?
- അമ്മ അങ്ങനെ പറയാൻ എന്തായിരിക്കും കാരണം ?
- പ്രകാശൻ ചെയ്തത് ശരിയായോ? അപ്പോൾ ഞാനോ?
- അവൾ ഇപ്പോൾ എന്തായിരിക്കും ചിന്തിക്കുക?

ടീച്ചറോട്...

മഞ്ഞക്കിളി എഴുതുന്ന ഡയറിയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അല്ല ഡയറിയെ കാണേണ്ടത്. അന്നത്തെ സംഭവങ്ങൾ മനസ്സിൽ വല്ലാതെ തട്ടിയ ഒരാൾ, കൂടാതെ അമ്മയുടെ കൃത്യമായ നിരീക്ഷണങ്ങൾ സ്വീകരിച്ച ആൾ എന്ന നിലയ്ക്ക് കലുഷിതമായ മനസ്സുമായിട്ടാണ് മഞ്ഞക്കിളി ഡയറി എഴുതുന്നത്.

ആത്മാംശം കലർന്ന ഭാഷക്കാണ് പ്രാധാന്യം നൽകേണ്ടത്. ഇവിടെ കുട്ടി മഞ്ഞക്കിളിയായി മാറുകയാണ്.

ഡയറിക്കുറിപ്പുകൾ വിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്.

അതിന് ചേരുന്ന സൂചകങ്ങൾ കുട്ടികളുടെ ഇടയിൽ നിന്ന് തന്നെ രൂപപ്പെടുത്താവുന്നതാണ്.

സൂചകങ്ങൾ കുട്ടികളുടെ ഭാഷയിൽ

- രസമുള്ള ഭാഷ
- മനസ്സിൽ തട്ടുന്ന വാചകങ്ങൾ
- മഞ്ഞക്കിളിയുടെ ഭാവം ഉൾക്കൊണ്ടിട്ടുണ്ട്
- ആരോടൊപ്പമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്
- പെൺകുട്ടി മാറ്റിനിർത്തപ്പെടേണ്ടവളല്ല എന്ന കാര്യം സൂചിപ്പിച്ചിട്ടുണ്ട്
- ഉൾക്കൊണ്ട ആശയങ്ങൾ വൈകാരികമായി അവതരിപ്പിച്ചിട്ടുണ്ട്

ടീച്ചർക്ക്

ആത്മാംശം
കലർന്ന ഭാഷ
മഞ്ഞക്കിളിയുടെ
വൈകാരിക അവസ്ഥ
സ്വന്തമായ നിലപാട്
ഉറച്ച തീരുമാനം

ടീച്ചറോട്...

റ്റോമോയിലെ കായികമേള പോലെ ക്ലാസ് കായികമേളയും കുട്ടികളുടെ നേതൃത്വത്തിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ.

**സ്കൂൾ കായികമേളയിലേക്ക്**

കുട്ടികളുടെ കളിയനുഭവ വിവരണങ്ങളിൽ സ്വാഭാവികമായി സ്കൂൾ കായികമേള കടന്നുവരാം. അങ്ങനെയില്ലെങ്കിൽ ടീച്ചർ ചില ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുന്നു.

എല്ലാദിവസവും സ്കൂളിൽ കളിക്കാൻ അവസരം കിട്ടുന്നുണ്ടോ?

എന്തെല്ലാം കളികൾ ?

- ഓട്ടം
- ചാട്ടം
- ഷട്ടിൽ
- റിംഗ് ബോൾ
- കക്കുകളി
- 

സ്കൂൾ കായികമേളയെ പറ്റി പറയാൻ കുട്ടികൾക്ക് അവസരം നൽകാം

- സംഘാടനം
- തയ്യാറെടുപ്പ്
- പങ്കാളിത്തം
- നടത്തിപ്പ്
- സമ്മാനം

പോസ്റ്റർ, നോട്ടീസ്, ഡിജിറ്റൽ പോസ്റ്റർ, എന്നിവ തയ്യാറാക്കുന്നതിനൊപ്പം ദൃക്സാക്ഷി വിവരണം നൽകുന്നതിനും അത് യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ക്ലാസ്സ് ഗ്രൂപ്പുകളിൽ പങ്കുവയ്ക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിൽ ഓരോ പ്രവർത്തനങ്ങൾക്കും കുട്ടികൾക്ക് ചുമതലകൾ നൽകേണ്ടതുണ്ട്. മേൽ പ്രവർത്തനങ്ങളിൽ ഉചിതമായ മേഖലകളിൽ ഭിന്ന നിലവാരക്കാരെ കൂടി പരിഗണിക്കണം
ദൃക്സാക്ഷി വിവരണം ഉൾപ്പെടെയുള്ള പ്രകടനങ്ങൾ ക്ലാസ് ഗ്രൂപ്പുകളിൽ യഥാസമയം പങ്കുവയ്ക്കുന്നത് കുട്ടികളുടെ ആത്മവിശ്വാസം ഉയർത്താനും പഠന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടാനും അവരെ പ്രാപ്തരാക്കും.

## രചനാ ശില്പശാലയിലേക്ക്

ഈ യൂണിറ്റിൽ പരിചയപ്പെട്ട സൗഹൃദം കളി സ്നേഹം ഇവ ആവിഷ്കരിക്കുന്ന സ്വതന്ത്ര രചനയ്ക്ക് കുട്ടികൾക്ക് അവസരം നൽകാം
കുട്ടികൾ തയ്യാറാക്കുന്ന വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ക്ലാസ് വിദ്യാരംഗം വേദികളിൽ അവതരിപ്പിക്കാൻ അവസരമൊരുക്കണം.

## കളി പതിപ്പ്

ഈ യൂണിറ്റുമായി ബന്ധപ്പെട്ട് നടത്തിയ മുഴുവൻ വ്യവഹാര രൂപങ്ങളുടെയും പോസ്റ്റർ, നോട്ടീസ്, ദൃക്സാക്ഷി വിവരണത്തിന്റെ ശബ്ദരേഖ എന്നിവയുടേയെല്ലാം പ്രകാശനം സ്കൂൾ അസംബ്ലിയിൽ നടത്തണം.

## വായനശാല സന്ദർശനം

ഭാഷാ പഠനത്തിൽ ഏറ്റവും പ്രാധാന്യത്തോടെ ഉൾക്കൊള്ളേണ്ട ഒരു പ്രവർത്തനമാണിത്. ജൂൺ മാസം തന്നെ വായനദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കാം. പുസ്തകങ്ങളുമായുള്ള സൗഹൃദം ഊട്ടിയുറപ്പിക്കാനും ആവശ്യങ്ങൾക്ക് അനുസരിച്ച് പുസ്തകങ്ങൾ ഉപയോഗിക്കാനും കുട്ടികളെ പരിശീലിപ്പിക്കുന്ന സംവിധാനമായി വായനാശാല സന്ദർശനം മാറണം
പ്രാദേശിക വായനശാലകളുടെ ഫലപ്രദമായ ഉപയോഗം, ഭാഷാപഠനത്തിൽ ചെലുത്തുന്ന സ്വാധീനം, പുസ്തകങ്ങളുടെയും വായനയുടെയും ലോകത്തെത്തുന്ന കുട്ടികളുടെ രചനകളിൽ തെളിയുന്ന മികവ് തുടങ്ങിയ കാര്യങ്ങളും ഈ ഒരു പ്രവർത്തനത്തിന്റെ നേർക്കാഴ്ചയാണ്.

| നോട്ടീസ് | പോസ്റ്റർ | ഡിജിറ്റൽ പോസ്റ്റർ |
|---|---|---|
| | | |

# അനുബന്ധം

കളിയുടെ അമ്മവീടായ ഇംഗ്ലണ്ടിൽ സ്ത്രീകൾ ഫുട്ബോൾ കളിക്കുന്നതിന് ഒരുകാലത്ത് വിലക്കേർപ്പെടുത്തിയി രുന്നുവെന്നത് കേൾക്കു മ്പോൾ അദ്ഭുതം തോന്നും. ബ്രസീലിൽ നാലുദശാബ്ദക്കാ ലം ഈ വിലക്കുണ്ടായിരുന്നു, അതും അടുത്തകാലംവ രെ. 1921-ലാണ് ഇംഗ്ലീഷ്സഫുട്ബോൾ അസോസിയേ ഷൻ (എ.ഫ്.എ.) വിലക്കേർപ്പെ ടുത്തിയത്. തങ്ങളുമായി പേരുചേർത്തിട്ടുള്ള ക്ലബ്ബുകളുടെ ഒരുമൈതാനത്തും സ്ത്രീകൾക്ക് കളിക്കാൻ പാടില്ലെന്നായിരുന്നു അവരുടെ നിശ്ചയം. അവർക്ക് സൗകര്യം കുറഞ്ഞ മറ്റു ഗ്രൗണ്ടുകളിൽ വേണമെ ങ്കിൽ കളിക്കാം.

1970-ൽ ഈ വിലക്കുനീക്കി. ബ്രസീലിൽ ജനറൽ ഗെറ്റൂലിയോ വർഗാ സിന്റെ ഗവൺമെന്റ് തന്നെ 1941-ൽ ഇതുസംബന്ധിച്ച് നിയമം കൊണ്ടുവന്നു. 1979 വരെ ഇത് നിലനിന്നു. ഇംഗ്ലീഷുകാർ സ്ത്രീകൾക്ക് പറ്റിയകളിയല്ല ഇതെന്നാണ് വിധി യെഴുതിയത്. അവരുടെ ബ്രസീലുകാർ പ്രത്യുത്പാദനശേ ഷിയെ കളി ബാധിക്കുമെന്നും വിധിച്ചു. രണ്ടും ഒന്നുതന്നെ.

ബ്രസീലിൽ അക്കാലത്ത് കളിക്കാനുള്ള ബുദ്ധിമുട്ടുക ളെക്കുറിച്ച് ഇപ്പോൾ പരിശീലകയായി പ്രവർത്തിക്കുന്ന 59-കാരി ദിൽമ മെന്റേസ് പറയുന്നുണ്ട് (സ്പോർട്ട്സ്റ്റാർ, ദ ഹിന്ദു ഡോട്ട് കോം, 22-07- 2023). പെൺകുട്ടികൾ ഫുട്ബോൾ കളിക്കുന്നതുകണ്ടാൽ പോലീസ് പിടിക്കും. ശിക്ഷയൊന്നും വ്യവസ്ഥചെയ്തിട്ടില്ലെങ്കിലും ആരെങ്കിലും വന്ന് കൂട്ടിക്കൊണ്ടുപോകും വരെ സ്റ്റേഷനിൽ കഴിയണം. ആൺകുട്ടികളോടൊപ്പമാണ് കളി. പിടിക്കാൻ വരുമ്പോൾ ഗ്രൗണ്ടിനു സമീപം കുത്തിയിട്ടു ള്ള കുഴിയിൽ അവർ ഒളിച്ചിരിക്കുമായിരുന്നുവത്രേ!

# അടിസ്ഥാന പാഠാവലി
# യൂണിറ്റ് 2
# കനിവായ് നിലാവായ്

തിരുനെല്ലൂർ കരുണാകരൻ എഴുതിയ വസന്തം എന്ന കവിത വായിക്കാം

"വാടി വീണതാം പൂക്കൾ
മണ്ണുമായ് വാരിക്കൊണ്ടു
പാറി വന്നാൽ മുന്നിൽ വ -
ന്നഞ്ചിതഹാസത്തോടെ.
'അച്ഛനു പൂവേണമോ?'
ചോദിച്ച മകളുടെ
സ്വച്ഛമാം കവിൾത്തട്ടിൽ
കണ്ടു ഞാൻ വസന്തത്തെ

മകളുടെ കവിളിൽ വസന്തകാലം മുഴുവൻ ദർശിക്കുന്ന അച്ഛനിൽ മാനവികതയുടെ ഉദാത്ത ഭാവം കാണാം. മർത്യൻ സുന്ദരനാണെന്ന് ഇടശ്ശേരിയുടെ തിരിച്ചറിവും മനുഷ്യർ സുന്ദരികളും സുന്ദരന്മാരും ആണെന്ന് ഉറൂബിന്റെ കാഴ്ചപ്പാടും ഇവിടെ ചേർത്തു വായിക്കാം. മനുഷ്യ സൗന്ദര്യത്തിന്റെ അടിസ്ഥാനമെന്താണ്? പരസ്പര ബന്ധങ്ങളെ ബലപ്പെടുത്തുന്ന മാനവികതയാണ് മനുഷ്യനെ സുന്ദരനും സുന്ദരിയുമാക്കുന്നത്.

അരങ്ങു കാണാത്ത നടൻ എന്ന പുസ്തകത്തിൽ തിക്കോടിയൻ ഇങ്ങനെ പറയുന്നു;
"കോളറ കൊയ്ത്തു നടത്തിയ, മരണം ചടുലനൃത്തമാടിയ മലബാറിലെ ഉൾനാടൻ വീഥിയിലൂടെ അന്നൊരു ഏകാന്തപഥികൻ സഞ്ചരിച്ചു. ശ്രീ വി ആർ നായനാർ. കോളറയുടെ കടന്നാക്രമണത്തിൽ രക്ഷാകർത്താക്കൾ നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന കുട്ടികളെ വാത്സല്യത്തോടെ വാരിയെടുത്തു പുൽകി അഭയം നൽകുക എന്ന മഹാപ്രയത്നത്തിൽ അദ്ദേഹത്തിന് കൈമുതൽ ആയി ഉണ്ടായിരുന്നത് അലിവിന്റെ പൊന്നളക്ക് മാത്രം. യാതന കണ്ടറിഞ്ഞും കേട്ടറിഞ്ഞും അദ്ദേഹം ഓടിയടുക്കുന്നു. അനാഥശവങ്ങൾ മറവ് ചെയ്യുന്നു. അനാഥ ശിശുക്കളെ കയ്യേൽക്കുന്നു. രോഗത്തിൻറെ വ്യാപ്തി തടയാൻ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നു. എവിടെ നായനാർ എത്തുന്നു അവിടെയെല്ലാം അനുയായികളും ഉണ്ടാകുന്നു. ഹൃദയാലുക്കളായ യുവാക്കൾ അദ്ദേഹത്തോടൊപ്പം ഏത് പ്രവർത്തനത്തിനും തയ്യാറാകുന്നു. കോളറിയുടെ കറുത്തിരുണ്ട നിഴലിൽ കൊണ്ട് വിറങ്ങടിച്ച് കിടക്കുന്ന ഗ്രാമങ്ങളിൽ ആദ്യകിരണങ്ങളുടെ പ്രകാശവും ചൂടുമെന്നപോലെ നായനാരെത്തിച്ചേരുന്നു. അങ്ങനെ അദ്ദേഹത്തിൻറെ ആശ്രാന്ത പരിശ്രമത്തിലൂടെ ആരോരുമില്ലാതെ മണ്ണടിഞ്ഞു പോകേണ്ട നിരവധി ജീവിതങ്ങൾക്ക് മലബാറിന്റെ മണ്ണിൽ അഭയകേന്ദ്രങ്ങളുണ്ടായി. തണലും തണുപ്പുമുണ്ടായി. വടക്ക് മാടായി മുതൽ തെക്ക് വലപ്പാട്ട് വരെ അവിടെയായി അനാഥമന്ദിരങ്ങൾ ഉയർന്നു."

കോവിഡ് മഹാമാരിയെയും വെള്ളപ്പൊക്കത്തെയും കേരളം അതിജീവിച്ചത് മാനവികതയെ മുൻനിർത്തിയുള്ള ഇത്തരം കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ്. കുടുംബ ബന്ധങ്ങളും കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങളും സ്നേഹ ചരടിൽ കോർക്കുമ്പോൾ സമൂഹത്തിന്റെ അതിജീവന് ശേഷി വർദ്ധിക്കും. പരസ്പര സ്നേഹം അങ്ങനെ സമൂഹത്തിൻറെ നിലനിൽപ്പിനെയും മുന്നോട്ട് പോക്കിനെയും സഹായിക്കും.

“ജനകനില്ലാതെ ജനനിയില്ലാതെ
തെരുവിൽ വാവിട്ട് കരയും ജീവനെ
ഇരുകൈയാല് വാരിയെടുത്തു ചുംബിക്കും
മഹാ കാരുണ്യത്തിൻ മനുഷ്യരൂപമേ”

എന്ന് ബാലചന്ദ്രൻ ചുള്ളിക്കാട് മദർതെരേസയെ കുറിച്ച് പറയുന്നു.

കഷ്ടപ്പെടുന്നവർക്കും ദുരിതമനുഭവിക്കുന്നവർക്കും അത്താണിയായി മാറുന്നത് മാനവികത എന്ന മഹത്തായ ആശയമാണ്. ‘സോദരത്വേന വാഴുന്ന മാതൃകാസ്ഥാന’മായി ഭൂമി മാറാൻ മാനവികത എന്ന ആശയം ഉയർത്തിപ്പിടിക്കണം.

“പല സുഖമേ സുഖമെനിക്കുനിയതം
പരദുഃഖം ദുഃഖം
പരമാർത്ഥത്തിൽ പരനും ഞാനും
ഭവാനുമൊന്നല്ലി”
(പ്രേമ സംഗീതം - ഉള്ളൂർ)

ഉണ്ണിക്കണ്ണനും മുത്തശ്ശിയും അമ്മയും തമ്മിലുള്ള സ്നേഹബന്ധം വളർന്നു പൊങ്ങി ആകാശത്തിൽ വലിയ മരക്കൊമ്പ് തൊടുകയും നക്ഷത്രങ്ങളെ തൊടുകയും ചെയ്യുന്ന കഥയാണ് തിക്കോടിയൻ എഴുതിയ മുത്തശ്ശി ഒരു കഥ തുടങ്ങുന്നു എന്ന രചന. തൻറെ സ്നേഹ ചുംബനം കൊണ്ട് കുട്ടിയുടെ മുറിവുകൾ സുഖപ്പെടുത്തുന്ന അമ്മയെയാണ് കുമാരനാശാന്റെ പരുക്കേറ്റ കുട്ടി എന്ന കവിതയിൽ കാണുന്നത്. നന്മകൾ കൊണ്ട് കഷ്ടപ്പാടുകളെ പൊരുതി തോൽപ്പിക്കുന്ന കുട്ടികളുടെ കഥയാണ് ഡോക്ടർ പി കെ ഭാഗ്യലക്ഷ്മി എഴുതിയ നന്മപ്പൂക്കൾ എന്ന കഥ. വളർന്നു പന്തലിക്കുന്ന സ്നേഹബന്ധങ്ങളും മാനവികതയിലൂന്നിയ ശ്രമങ്ങളും ലോകത്തെ മുന്നോട്ടു നയിക്കുന്നു എന്ന് ഈ യൂണിറ്റിലെ രചനകൾ പറയുന്നു.

# മുത്തശ്ശി ഒരു കഥ തുടരുന്നു

കുട്ടികളെയും കുട്ടിത്തത്തെയും മറന്നു പോകുന്നവർ ഒരു ഭാഗത്ത്; അവരെ കേട്ടും സ്പർശിച്ചും കഥ പറഞ്ഞു കാര്യങ്ങൾ പങ്കുവെച്ചും സ്നേഹം നൽകുന്നവർ മറുഭാഗത്ത്. സ്നേഹത്തിന്റെയും സ്നേഹ നിരാസയും ലോകമാണ് തിക്കോടിയൻ സുന്ദരമായ ആവിഷ്കരിക്കുന്നത്.

"എൻ കളിക്കൊട്ടിലേ മറ്റൊരു ലോകമി -
നെന്നേതു നിൻഭാഷ ഞാൻ മറന്നേൻ."
(ബാലാമണിയമ്മ)

കുട്ടികളുടെ ഭാഷ ഭാവനയും ആകാംക്ഷയും അന്വേഷണവും കലർന്നതാണ്.

"ആവണക്കിന്നല ഞെട്ടിൻ
ദ്രാവകത്താൽ ഞങ്ങൾ
ഊതിവിടും കുമിളകൾ
ഊളിയിട്ട് പൊങ്ങും
ചിത്രവർണ്ണ വിമാനങ്ങൾ
പൊട്ടിമായും വേഗം
എങ്കിലുമാർക്കാനുമുണ്ടോ
ഞങ്ങളോളം മേളം
(വൈലോപ്പിള്ളി)

ഈ മേളം സൃഷ്ടിക്കുന്ന ഓളപ്പരപ്പിലൂടെയാണ് ഉണ്ണിക്കണ്ണൻ ഈ കഥയിലുടനീളം സഞ്ചരിക്കുന്നത്. ഇങ്ങനെ ഭാവനയുടെ ഊഞ്ഞാലിൽ സഞ്ചരിക്കുമ്പോഴാണ് ആകാശം അപ്പത്തിന്റെ പൊടിതെള്ളുംപോലെ അവന്റെ കാഴ്ചയ്ക്ക് മുകളിൽ അങ്ങോട്ടുമിങ്ങോട്ടും കുഴഞ്ഞുമറിയുന്നത്. മരച്ചില്ലകളും ഇലകളും പന്തലിടുന്നത്. അമ്പിളിമാമൻ വികൃതിപ്പയ്യനായി മാറുന്നത്! ഈ മാറ്റം തിരിച്ചറിയാൻ ഉണ്ണിക്കണ്ണന്റെ മുത്തശ്ശിക്കും അമ്മയ്ക്കും കൃത്യമായി കഴിയുന്നു. അവർ ഉണ്ണിക്കണ്ണന്റെ കുട്ടിത്തത്തെ - ഭാവനയെ ആകാവുന്നത്ര ആർദ്രതയോടെ - സ്നേഹത്തോടെ പരിചരിക്കുന്നു. കുട്ടികളെ തിരിച്ചറിയാനും സ്നേഹം നൽകാനും കഴിയാത്ത പൂന്തോട്ടത്തിലെ രാക്ഷസനെപ്പോലുള്ള ശുഷ്കഹൃദയർക്ക് സമ്പന്നമായൊരു ലോകം നഷ്ടമാകുന്നു. സങ്കുചിതവും ഇടുങ്ങിയതുമായ ഭാവനാരാഹിത്യത്തിലേക്കും വരൾച്ചയിലേക്ക് അവർ പതിക്കുന്നു. ഭാവനയും സ്നേഹവും മനുഷ്യത്വവും ആർദ്രതയും ഈ കഥയിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നു.

## പ്രവർത്തനത്തിലേയ്ക്ക്...

ടീച്ചർ കുട്ടികളെ വട്ടത്തിൽ നിർത്തുന്നു. എന്നിട്ട് കുട്ടികളോടായി പറയാം. "ഞാനൊരു കഥ പറയാൻ പോകുന്നു. നിങ്ങളും ഏറ്റു പറയണം. വെറുതെ പറയുകയല്ല, ഞാൻ ചെയ്യുന്ന അതേ രീതിയിൽ അതേ ഭാവത്തോടെ ആംഗ്യങ്ങൾ കാണിച്ച് വേണം നിങ്ങളും ഏറ്റു പറയാൻ. ഞാൻ ചെയ്യുന്നതുപോലെയൊക്കെ നിങ്ങളും ചെയ്യണം. ഞാൻ കഥ നിർത്തുമ്പോൾ നിങ്ങളും നിർത്തണം."

ടീച്ചർ കഥപറയാൻ ആരംഭിക്കുന്നു.

"ഉണ്ണിക്കണ്ണൻ ആടിനെ മേയ്ക്കുന്ന കുഞ്ഞിനെ പറ്റിയാണ് ഞാൻ കഥ പറയുന്നത്."

കുട്ടികൾ ആവർത്തിച്ച് പറഞ്ഞ് ടീച്ചറുടെ പിന്നാലെ നടക്കുന്നു.

"ഈ കഥ അവന് ആരാണ് പറഞ്ഞുകൊടുത്തതെന്ന് അറിയുമോ? അവന്റെ മുത്തശ്ശി"(കുട്ടികൾ ആവർത്തിക്കുന്നു). മുത്തശ്ശിയുടെ ഭാവഹാവാദികൾ ടീച്ചറും കുട്ടികളും അഭിനയിക്കണം. കൃത്യമായ ശബ്ദം നിയന്ത്രണത്തോടെ വേണം അവതരിപ്പിക്കാൻ. ഈ രീതിയിൽ കഥ തുടരട്ടെ.

TB പേജ് 27 ൽ "ഉണ്ണിക്കണ്ണൻ ആ ശബ്ദം കേട്ട സ്ഥലത്തേക്ക് സൂക്ഷിച്ചുനോക്കി എന്നിട്ടോ?"

"എന്നിട്ടെന്തായി? അവിടെ എന്താണ് കണ്ടത്?"

ആകാംക്ഷ ജനിപ്പിക്കുന്ന ചോദ്യത്തോടെ ടീച്ചർ അവതരണം നിർത്തുന്നു.

"കഥയുടെ ബാക്കി നമുക്ക് വായിച്ചു നോക്കിയാലോ?"

ബാക്കി ഭാഗം അറിയാനുള്ള വ്യഗ്രതയോടെ കുട്ടികൾ പാഠപുസ്തകം തുറക്കട്ടെ.

(ഇതുവരെയുള്ള കഥാഭാഗം ടീച്ചർ പഠിച്ചുവച്ച് ഭംഗിയായി അവതരിപ്പിക്കാൻ തയ്യാറാവണം)

ഉണ്ണിക്കുട്ടൻ ശബ്ദം കേട്ട സ്ഥലത്തേക്ക് നോക്കിയപ്പോൾ അവിടെ കണ്ടതെന്തായിരുന്നു എന്ന് കുട്ടികൾ വായിച്ചറിഞ്ഞുവല്ലോ. ശേഷമുള്ള കഥാഭാഗം ചങ്ങല പറച്ചിൽ (ഒരാൾ ഒരു കാര്യം എന്നനിലയിൽ തുടർച്ച നഷ്ടപ്പെടാതെ) എന്ന രീതിയിൽ പൂർത്തിയാക്കാം. കഥപറച്ചിലിൽ ചങ്ങലയുടെ കണ്ണികൾ വിട്ടു പോകാതെ ടീച്ചർക്ക് കുട്ടികളെ സഹായിക്കാം.

## കഥാനിരൂപണത്തിലേക്ക്

കഥപറഞ്ഞും കേട്ടും വായിച്ചും ഉണ്ണിക്കുട്ടന്റെ ലോകം നിങ്ങൾ മനസ്സിലാക്കിയല്ലോ. എല്ലാവരെയും പരിചയപ്പെടാനും കഴിഞ്ഞു. ആരെല്ലാമാണവർ? കുട്ടികൾ പറയുന്നു ടീച്ചർ ബോർഡിൽ രേഖപ്പെടുത്തുന്നു. ആരെയാണ് നിങ്ങൾക്കീ കഥയിൽ ഏറെ ഇഷ്ടമായത്? ഒരേ കഥാപാത്രത്തെ ഇഷ്ടപ്പെടുന്നവരെ ഒരു ഗ്രൂപ്പാക്കുന്നു. അഭിപ്രായങ്ങൾ പങ്കുവെച്ച് ഓരോ ഗ്രൂപ്പിലും കഥാപാത്രക്കുറിപ്പ് തയ്യാറാക്കുന്നു.

വിലയിരുത്തൽ സൂചകങ്ങൾ

- കഥാപാത്രത്തിന്റെ സ്വഭാവം
- ശാരീരിക പ്രത്യേകതകൾ
- ഇഷ്ടാനിഷ്ടങ്ങൾ
- 
- 
- 

കുട്ടികൾക്ക് പറയാൻ അവസരം ഒരുക്കുന്ന ഒരു പ്രവർത്തനത്തിലൂടെ പ്രവേശകത്തിലേക്ക് നയിക്കാം.

.............. എനിക്ക് ഇഷ്ടമാണ് കാരണം.................

ഓരോ കുട്ടികളും ഇഷ്ടമുള്ള രീതിയിൽ മേൽ വരികൾ പൂരിപ്പിച്ച് പറയട്ടെ. ഇഷ്ടം ആളുകളോട് ജീവികളോട് വസ്തുക്കളോട്.


അവർ എന്തുകൊണ്ട് ഇഷ്ടപ്പെടുന്നു എന്ന കാര്യത്തിന് ഊന്നൽ നൽകാം. അധ്യാപികയ്ക്കും കുട്ടികൾക്കൊപ്പം പ്രവർത്തനത്തിൽ പങ്കാളിയാവാം.

പ്രവേശക പ്രവർത്തനം വായിക്കാൻ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു. പരിമിതികൾ ഉള്ളവരെ സഹായിക്കാൻ അധ്യാപിക ഈ അവസരത്തിൽ ശ്രദ്ധിക്കേണ്ടതാണ്.
വാവ എഴുതിയത് വായിച്ച അമ്മയുടെ കണ്ണ്നിറയാൻ എന്താണ് കാരണം? കുട്ടികൾക്ക് വ്യക്തിഗതമായി തന്നെ അഭിപ്രായങ്ങൾ പറയാൻ അവസരം നൽകാം.

- മകൾക്ക് തന്നോടുള്ള സ്നേഹം ആലോചിച്ചിട്ട്
- മക്കൾക്ക് പരിഗണന കൊടുക്കുന്ന സ്നേഹം തിരിച്ചുകിട്ടിയതോർത്ത്




-



ടീച്ചർ ഭാവാത്മകമായി വായിക്കുന്നു.

ചർച്ച

ഇതെല്ലാം കണ്ടുനിന്ന മൂത്തകുട്ടി അപ്പോൾ എന്തായിരിക്കും പറഞ്ഞിട്ടുണ്ടാവുക?

- എന്നെ അടിച്ചില്ല
- എന്നെമാത്രമേ അടിക്കൂ. വാവയെ അടിക്കുന്നില്ലല്ലോ.
- 
- 

കഷ്ടപ്പെട്ട് ഉണ്ടാക്കിയ വാൾപ്പേപ്പർ നശിപ്പിച്ച കുട്ടിയോട് ദേഷ്യംകാണിക്കാത്തത് മക്കളോടുള്ള കരുതൽകൊണ്ട് തന്നെയാണ്. സ്നേഹത്തിന്റെ സവിശേഷത കുട്ടികൾക്ക് ബോധ്യപ്പെടുന്ന തരത്തിൽ ഒരു ക്രോഡീകരണം ഇവിടെനടക്കണം.

അമ്മയുടെ കണ്ണ് നിറഞ്ഞപ്പോൾ പിന്നീട് അവിടെ ഉണ്ടാകാനിടയുള്ള സംഭവങ്ങൾ എന്തെല്ലാമാവാം?

### വാക്യങ്ങളിൽ തെളിയുന്ന ജീവിതം TB Page 31

കഥ വായിച്ചപ്പോൾ ഉണ്ണിക്കണ്ണന്റെ ജീവിത സാഹചര്യത്തെ സൂചിപ്പിക്കുന്ന ഏതെങ്കിലും ഭാഗം നിങ്ങളുടെ മനസ്സിൽ തട്ടിയിട്ടുണ്ടോ?

ഏതാണ് ആ ഭാഗം? അങ്ങനെ പറയാനുള്ള കാരണങ്ങൾ എന്തെല്ലാമായിരിക്കും? കൂട്ടുകാരുമായി ചർച്ച ചെയ്യൂ.

ഇനി നിങ്ങൾ മനസ്സിലാക്കിയ സാഹചര്യങ്ങൾ വച്ചുകൊണ്ട് ഉണ്ണിക്കണ്ണന്റെ ജീവിത സാഹചര്യത്തെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കാമല്ലോ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തി ക്ലാസിൽ അവതരിപ്പിക്കാം.

### സ്നേഹാനുഭവം TB

ഉണ്ണിക്കണ്ണന്റെ മുത്തശ്ശിയെ നമ്മൾ കണ്ടല്ലോ. ഇനി മറ്റൊരു കുട്ടി തന്റെ മുത്തശ്ശി അവതരിപ്പിച്ച രീതി നോക്കൂ.

പാഠഭാഗത്തെ കവിത നൽകാം.

മുത്തശ്ശി മാത്രമല്ല ഇത്തരം സ്നേഹാനുഭവങ്ങൾ നൽകുന്നത്. കുട്ടികൾ അവർക്കുള്ള ഒരു സ്നേഹാനുഭവം എഴുതട്ടെ. ഇത് ഒരു പതിപ്പായി (സ്നേഹപ്പതിപ്പ്) അധ്യാപിക സൂക്ഷിക്കുക.

ക്ലാസ് പിടിഎ യോഗങ്ങളിലേക്ക് എത്തുന്ന ഏതെങ്കിലും മുത്തശ്ശിയെയോ അമ്മയെയോ ക്ഷണിച്ച് ഈ പതിപ്പിന്റെ പ്രകാശനത്തിന് കൂടി അവസരം ഒരുക്കാവുന്നതാണ്.

നമ്മളെ ഏറെ സ്നേഹിക്കുന്നവരാണ് നമ്മുടെ വേദനകളിലും ദുരിതങ്ങളിലും ഓടിയെത്തി ആശ്വസിപ്പിക്കുന്നത്.

### കഥ തുടരുന്നു TB

ഊഞ്ഞാലിൽ കളിക്കാനുള്ള ഉണ്ണികണ്ണന്റെ ആഗ്രഹം സാധിച്ചു. ആ സന്തോഷം തുടങ്ങുന്നതിനിടയിലാണ് അവൻ ഊഞ്ഞാലിൽ നിന്ന് വീഴുന്നത്.

ഇത്തരമൊരു അനുഭവം നിങ്ങൾക്കും ഉണ്ടായിരിക്കുമല്ലോ. ആരാവും ഓടിയെത്തി നിങ്ങളെ ആശ്വസിപ്പിച്ചുകൊണ്ട് വേദനകളെ കുറയ്ക്കാൻ സഹായിക്കുന്നത്? കുട്ടികൾക്ക് അവരവരുടെ അനുഭവങ്ങൾ വ്യക്തിഗതമായി പറയാനുള്ള അവസരം നൽകാം.

ഉണ്ണിക്കണ്ണന്റെ വേദനയിൽ ആശ്വസിപ്പിച്ച അമ്മ അവനോട് എന്താവും പറഞ്ഞിട്ടുണ്ടാവുക? സ്വന്തം അനുഭവ വിവരണം നടത്തിയതിനാൽ കുട്ടികൾക്ക് ഉണ്ണിക്കണ്ണന്റെ അനുഭവത്തെപ്പറ്റി നന്നായി പറയാൻ കഴിയുമല്ലോ.

**അഭിനയിക്കാം**

ഉണ്ണിക്കണ്ണൻ ഊഞ്ഞാലിൽ നിന്നും വീഴുന്ന സമയത്ത് ഓടിയെത്തുന്ന അമ്മ മുത്തശ്ശി ഈ കഥാപാത്രങ്ങളുടെ സംഭാഷണം ഉൾപ്പെടുത്തി ഒരു അഭിനയരംഗം ചിത്രീകരിക്കാമല്ലോ.

## പരുക്കേറ്റ കുട്ടി

കളി കുട്ടികളുടെ ജീവിതമാണ്. കളികൾക്കിടയിൽ ഉണ്ടാകുന്ന വീഴ്ചകളും മുറിവുകളും സ്വാഭാവികമായും കുട്ടികൾക്ക് ആഭരണമായി മാറുന്നു. "അപൂർണ്ണതയ്ക്കേ വിരചിച്ചു വിശ്വം" എന്ന കവി വാക്യം കുട്ടികളുടെ ഓരോ വീഴ്ചകളിലും ദർശിക്കാനാവും. അപൂർണ്ണതയെ അംഗീകരിച്ചുകൊണ്ടുതന്നെ, കുട്ടിയുടെ വളർച്ചയിലും വ്യക്തിത്വവികാസത്തിലും ഒപ്പം നിൽക്കുന്ന രക്ഷകർത്താവിനെയാണ് കുമാരനാശാൻ സുന്ദരമായി ചിത്രീകരിക്കുന്നത്.

"ദേവൻ വനമാലിയ്ക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ
എല്ലാസുമവുമവന്റെയിച്ഛയ്ക്കൊത്തു
മെല്ലെ വളർന്നു തൻ പൂർണതയിൽ
ചെല്ലാനുഴറുകയാണഗ്ഗതിയാരും
തല്ലി നിർത്താതെ സൂക്ഷിച്ചുകൊൾവിൻ."

(ദുരവസ്ഥ)

പൂർണ്ണതയിലേക്കുള്ള ഈ കുതിപ്പ്തന്നെയാണ് അറിയാനുള്ള വെമ്പലായി കുട്ടിയിൽ നിലനിൽക്കുന്നത്. പനിനീർപൂവിനെ (സൗന്ദര്യത്തെ) തൊടാൻ - അടുത്തറിയാൻ ശ്രമിക്കുമ്പോൾ മുള്ളേറ്റ് മുറിവ് പറ്റുന്നതും മാവിൽ കയറി വീണ് കാൽമുട്ടിൽ ചതവ് പറ്റുന്നതുമെല്ലാം അനുഭവങ്ങളിലൂടെ അറിയാനുള്ള കുട്ടിയുടെ ശ്രമങ്ങളാണ്. പൂർണതയ്ക്കായുള്ള - പുതിയ അറിവുകൾക്കായുള്ള - ഈ വെമ്പലിനെ സ്നേഹത്തിന്റെ ശീതളസ്പർശം കൊണ്ട് അംഗീകരിക്കുന്ന - പരിഗണിക്കുന്ന അമ്മയെയാണ് നാം ഈ കവിതയിൽ കാണുന്നത്.

"വിജ്ഞാനമെന്നു വിളിച്ചുപോരു-
മാത്മാവിനുള്ളൊരസ്വസ്ഥതയെ
ഹാ, വളർച്ചയ്ക്കെഴും വെമ്പലിനെ
ആ പൂർണതയ്ക്കുള്ള തേങ്ങലിനെ."

(പള്ളിക്കൂടത്തിലേക്ക് വീണ്ടും ഇടശ്ശേരി)

പ്രകാശം പരത്തുന്ന പുഷ്പത്തെ വണ്ടുപോലെയാണ് അമ്മ കുട്ടിയുടെ മുറിവുകളെ

ചുംബിക്കുന്നത്. ഇവിടെ വളർച്ചയ്ക്കും അറിവിനും അനുഭവങ്ങൾക്കും വേണ്ടിയുള്ള വെമ്പലിനെ സ്നേഹം കൊണ്ടും കരുതൽകൊണ്ടും ആദരിക്കുന്ന അമ്മയെയാണ് കുമാരനാശാൻ ചിത്രീകരിക്കുന്നത്.

### പ്രവർത്തനത്തിലേയ്ക്ക്...

(TB Page33) കുട്ടികൾക്ക് മൗന വായനയ്ക്ക് അവസരം നൽകാം. തടസ്സം നേരിടുന്നവർക്ക് സഹായം നൽകിക്കൊണ്ട് ചെറിയ ഗ്രൂപ്പുകൾ ആക്കുന്നു. കുട്ടികൾ യോജിച്ച ഈണം കണ്ടെത്തി ഗ്രൂപ്പുകളിൽ ആലപിക്കുന്നു.

ചെറിയ ക്ലാസുകളിൽ പഠിച്ച കവിതകളുടെ ഇണവുമായി സാമ്യമുണ്ടോ എന്ന് ചോദിച്ചു ആ കവിതകൾ ഓർമ്മച്ചെടുക്കാൻ അവസരം കൂടി ഒരുക്കാം.

വ്യക്തിഗതമായി കവിതാലാപനത്തിന് തയ്യാറാകുന്നവർക്കും വ്യത്യസ്ത ഈണങ്ങൾ പരീക്ഷിക്കുന്നവർക്കും ആവശ്യമായ പ്രോത്സാഹനം നൽകാം.

### പുതിയ പദങ്ങൾ (TB Page33)

കവിത ചെല്ലുമ്പോൾ പരിചയമില്ലാത്ത വാക്കുകൾ കുട്ടികൾക്കുണ്ടാകും. അവ യഥാസമയം സാഹചര്യമൊരുക്കി അർത്ഥം കുട്ടികൾ ഊഹിച്ചു മനസ്സിലാക്കുന്ന രീതി സ്വീകരിക്കുന്നതാണ് ഉചിതം. പിന്നീട് നിഘണ്ടു നോക്കി ഉറപ്പാക്കുമ്പോൾ അവരിൽ ആത്മവിശ്വാസം ഉണ്ടാവാൻ അത് ഉപകരിക്കും.

ഗ്രൂപ്പിൽ കവിത വായിച്ചശേഷം കുട്ടികൾ ആശയ ഗ്രഹണത്തിന് പാഠഭാഗത്ത് നൽകിയിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തി അവതരിപ്പിക്കട്ടെ.

### വാക്കുകൾ കൊണ്ട് ചിത്രം (TB Page33)

കുട്ടിയുടെ വേദനയിൽ ഓടിയെത്തുന്ന അമ്മയുടെ ആശ്വാസത്തിൻ കീഴിൽ കുട്ടിക്ക് ഉണ്ടാകുന്ന ഭാവമാറ്റം. അത് വിശദീകരിക്കുവാൻ കവി ഉപയോഗിച്ച സാധ്യത

വിടർന്ന പൂവിനെ വണ്ട് ചുംബിക്കുന്നതുപോലെ - അമ്മ; മേഘങ്ങൾ നീങ്ങുമ്പോൾ പ്രകാശിക്കുന്ന ചന്ദ്രൻ - കുട്ടി'.

ഈ വരികളുടെ വ്യാപ്തിയും മനോഹാരിതയും വ്യക്തമാകുന്ന രീതിയിൽ ഉള്ള വിശകലനം ചർച്ചയാവണം ക്ലാസിൽ നടക്കേണ്ടത്.

ചർച്ചയ്ക്കുശേഷം കുട്ടി എഴുതുന്ന കുറിപ്പുകൾ കൂടുതൽ മെച്ചപ്പെടുത്തലുകൾക്ക് വിധേയമാക്കാം.

- സ്വയം കണ്ടെത്തിയത്
- ഗ്രൂപ്പിൽ നിന്നും കിട്ടിയത്
- അധ്യാപികയുടെ സഹായത്തോടെ ലഭിച്ചത്.
- ഇവയെല്ലാം ഒരുമിക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കുന്നതിലേക്ക് നീങ്ങുന്നതായിരിക്കും ഉചിതം.

### ആസ്വാദനത്തിലേക്ക്

വിശകലനം കുറിപ്പിൽ കുട്ടിയുടെ രേഖപ്പെടുത്തലുകളുടെ തുടർച്ചയായി ആസ്വാദനത്തിലേക്ക് പോകുന്നതാണ് നല്ലത്.

പരുക്കേറ്റ കുട്ടി എന്ന കവിതയിലെ വ്യത്യസ്ത ആശയങ്ങൾ വച്ചുകൊണ്ട് മനോ പടം തയ്യാറാക്കാൻ കുട്ടിയെ സഹായിക്കാം. കുട്ടിയുടെ രചന സ്വയം വിലയിരുത്താനും പിന്നീട് ഗ്രൂപ്പ്തല അവതരണത്തിലൂടെ മെച്ചപ്പെടുത്തി എഴുതാനും അവസരം നൽകാം.

മനോ പടത്തിൽ ഉള്ളതിനുമപ്പുറമുള്ള ആസ്വാദന അംശങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്കും തീരെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്കും അർഹമായ പരിഗണന അധ്യാപിക ഉറപ്പാക്കേണ്ടതുണ്ട്.

## സമാന കവിതകളിലേക്ക്

പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന സമാന കവിതകൾ പരിചയപ്പെടുന്നതിനൊപ്പം ഇത്തരം ആശയങ്ങൾ ഉൾക്കൊള്ളുന്ന സിനിമാഗാനങ്ങളെപ്പറ്റിയും ഒരു ചർച്ച ക്ലാസ്സിൽ സംഘടിപ്പിക്കാം.

ഇതേ ആശയം വരുന്ന സിനിമാഗാനങ്ങൾ മുതിർന്നവരുടെ സഹായത്തോടെ ശേഖരിക്കാനും അവ ക്ലാസുകളിൽ അവതരിപ്പിക്കാനും ക്ലാസ് ഗ്രൂപ്പിൽ പങ്കുവയ്ക്കാനും അവസരം ഒരുക്കുന്നത് നന്നായിരിക്കും. നനവ് ഉണ്ടെങ്കിൽ എത്ര വരണ്ട ഭൂമിയിലും പൂക്കൾ വിടരും. അതുപോലെ സ്നേഹത്തിന്റെ ഉറവ ഒഴുകുന്നിടത്ത് നന്മ പൂക്കൾ വിടരും.

## സിനിമാഗാനങ്ങൾ

സൂര്യനായ്ത്തഴുകിയുറക്കമുണർത്തുമെ-
ന്നച്ഛനെയാണെനിക്കിഷ്ടം

അമ്മ മഴക്കാറിനു കൺനിറഞ്ഞു
ആ കണ്ണീരിൽ ഞാൻ നനഞ്ഞു

അമ്മ മനസ്സ് തങ്കമനസ്സ്
മുറ്റത്തെ തുളസി പോലെ

എന്നമ്മേ ഒന്ന് കാണാൻ
എത്ര നാളായ് ഞാൻ കൊതിച്ചു



### വായനയിലേക്ക്

മിറിയുടെ കഥ കുട്ടികൾ മൗനമായി വായിക്കാൻ അവസരം നൽകിയശേഷം കഥയിലെ പ്രധാന സന്ദർഭങ്ങൾ പുസ്തകത്തിൽ പറയുന്ന രീതിയിൽ ക്രമപ്പെടുത്തി എഴുതട്ടെ.
കുട്ടികളെ ഗ്രൂപ്പായി തിരിക്കാം. കണ്ടെത്തിയ കഥാസന്ദർഭങ്ങൾ ഗ്രൂപ്പുകൾക്ക് വിഭജിച്ചു നൽകാം. ഓരോരുത്തരും അവർക്ക് കിട്ടിയവയെ ചിത്രകഥകളാക്കട്ടെ. ചിത്രം വരയ്ക്കാൻ കഴിവുള്ള കുട്ടികൾക്ക് എല്ലാ ഗ്രൂപ്പിലും ഇടപെടാനും സൗകര്യമൊരുക്കാം. ഓരോ ചിത്രത്തിനും അനുയോജ്യമായ സംഭാഷണങ്ങൾ എഴുതി തയ്യാറാക്കാം. പൂർത്തിയാകുമ്പോൾ അവ വിലയിരുത്തി വേണ്ട മെച്ചപ്പെടുത്തലുകൾ വരുത്താം. ഒരു ചാർട്ട് പേപ്പറിൽ കഥയുടെ ഗതി അനുസരിച്ച് ഒട്ടിച്ച് ഒരു ചിത്രകഥാചാർട്ട് തയ്യാറാക്കാം. ഗ്രൂപ്പ് അംഗങ്ങളുടെ പേരും ചേർക്കാം ഇത് ക്ലാസ് വാട്സാപ്ഗ്രൂപ്പിൽ പങ്കുവെയ്ക്കാം.

### നാടകത്തിലേക്ക്

ചിത്രകഥ തയ്യാറാക്കിയ കഥാസന്ദർഭങ്ങൾ നമുക്കുണ്ട്. ഇവ ചേർത്ത് സംഭാഷണങ്ങളും അഭിനയവും കൂടിയായാൽ നാടകത്തിലേക്ക് കടക്കാം. നാടകത്തിന് വേണ്ട ഒരുക്കങ്ങൾ എന്തെല്ലാം? ഒരു ചർച്ചയായാലോ. ചിത്രകഥയിലേതിനേക്കാൾ കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തുകയും ആവാമല്ലോ. രംഗങ്ങൾ കൂട്ടിച്ചേർക്കാം. കൂടുതലായി കഥാപാത്രങ്ങളെ ചേർക്കാം. ആശയം ചോർന്നു പോകാത്ത വിധം അവതരണത്തിന് തയ്യാറാവാം.

ശ്രദ്ധിക്കേണ്ടവ

- സംഭാഷണങ്ങൾ ഏറെ ദൈർഘ്യമുള്ളതാവരുത്.
- ഭിന്ന നിലവാരക്കാരായ കുട്ടികൾക്കും അവസരം ഒരുക്കണം.ഓരോ ഗ്രൂപ്പിനും ടീച്ചറിന്റെ
- പിന്തുണാസംവിധാനം ഉറപ്പാക്കണം
- അവതരണത്തിന് ശേഷം മികവുകളും പോരായ്മകളും ചർച്ചചെയ്ത് മെച്ചപ്പെടുത്താം.
- നാടകത്തിന്റെ വീഡിയോ റെക്കോർഡ് ചെയ്ത് ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നൽകാം.
- വിദ്യാരംഗം കലാസാഹിത്യ വേദിയിൽ അവതരിപ്പിക്കൽ

മികച്ച നടൻ നടി സംവിധായകൻ തുടങ്ങിയവരെ തിരഞ്ഞെടുക്കൽ, ആദരിക്കൽ എന്നിവയൊക്കെ കുട്ടികൾ തന്നെ നേതൃത്വപരമായ ചുമതലകൾ നൽകി നിർവഹിക്കുന്നത് ഉചിതമായിരിക്കും.

### കവിതയരങ്ങ്

കളിയല്ല കളി, കനിവായ് നിലാവായ് എന്നീ യൂണിറ്റുകളിൽ പഠിച്ച കവിതകൾ, സ്കൂൾ ലൈബ്രറി, പ്രാദേശിക വായനശാല, അധ്യാപികയുടെ സഹായത്തോടെ സമാഹരിച്ചവ തുടങ്ങിയവ ഉൾപ്പെടുത്തി ഒരു കവിതയരങ്ങ് സംഘടിപ്പിക്കാം.
ഒറ്റയ്ക്കും സംഘമായും ചൊല്ലാനുള്ള അവസരം ഒരുക്കാം. ഇതിന് വിദ്യാരംഗം കലാസാഹിത്യ വേദിയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം.
കൂടുതൽ കവിത ശേഖരിച്ചവരെ മികച്ച ആലാപനം മാതൃകകൾ കണ്ടെത്തിയവരെ ഒക്കെ അഭിനയിക്കാനും ചെറിയ സമ്മാനങ്ങൾ നൽകാനും സാഹചര്യമൊരുക്കിയാൽ കുട്ടികൾക്ക് അത് ഏറെ പ്രോത്സാഹനജനകമായിരിക്കും.

# നന്മ പൂക്കൾ

കഷ്ടപ്പാടിന്റെ കൂരിരുട്ടിൽ, ജീവിതം ഒരു അടി മുന്നോട്ടുപോകില്ലെന്ന തോന്നലുകൾക്കിടയിൽ, മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം പോലെ നന്മയുടെ വെളിച്ചം കടന്നു വരാറുണ്ട്

“ജീവിതത്തിൽ വെറുതെയാകുന്നീല
ഭാവശുദ്ധിയും ഭംഗിയും വെൺമയും
പൂവിനുള്ള സുഗന്ധവും അന്യനായ്
താനൊരുക്കും ചെറിയ സംതൃപ്തിയും
ഈയുണർവാലുറക്കൊഴിക്കട്ടെ ഞാൻ ജീവിതത്തിന്റെ രാവെളുപ്പോളവും.”
(വിഷ്ണുനാരായണൻ നമ്പൂതിരി)

സഹപാഠികളുടെ സമയോചിതമായ ഇടപെടലുകളിലൂടെ നന്മയുടെ പ്രകാശം മിറിയെ തേടിയെത്തുന്നു. കൂനിന്മേൽ കുരു പോലെ ജീവിത പ്രതിസന്ധികൾ മിറിയുടെ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അന്ധത, അച്ഛനമ്മമാരുടെ മരണം, വൃദ്ധരായ മുത്തച്ഛനെയും മുത്തശ്ശിയേയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം തുടങ്ങിയ കാര്യങ്ങൾ മിറിയുടെ ജീവിതത്തിൽ വെല്ലുവിളികളായി മാറി.

“ജീവിതം നൽകാൻ മടിക്കുന്നതൊക്കെയും
ജീവിച്ചു ജീവിതത്തോട് ഞാൻ നേടിടും.”

എന്ന് ചങ്ങമ്പുഴ എഴുതിയ പോലെ മെറി ഷൂ പോളിഷ് ചെയ്തുകൊണ്ട് ജീവിതസമരം തുടർന്നു. അവളുടെ പ്രിയപ്പെട്ട കൂട്ടുകാരാകട്ടെ അവസരോചിതമായ ഇടപെടലുകളിലൂടെ മെറിയുടെ ജീവിതത്തിൽ നന്മയുടെ കിരണങ്ങൾ എത്തിച്ചു. അധ്യാപകരടക്കമുള്ളവർ പിന്നീട് അവളുടെ സംരക്ഷണം ഏറ്റെടുത്തു. തളരാത്ത പോരാട്ടം, ഇച്ഛാശക്തി, സമരവീര്യം, പ്രതിസന്ധികളെ മറികടക്കൽ, അതിജീവനം, സഹജീവികളോടുള്ള പരിഗണന, ആർദ്രത, അനുതാപം, കരുണ, കരുതൽ തുടങ്ങിയ ഒട്ടേറെ മൂല്യങ്ങൾ കുട്ടികളിലെത്താൻ ഈ പാഠഭാഗം സഹായിക്കും. ഈ മൂല്യങ്ങൾ ബാലാമണിയമ്മ സൂചിപ്പിച്ചതുപോലെ -

“അത്തലിരുട്ടിൽ വെളിച്ചമൊട്ടേകുവാ-
നത്ര ശക്തങ്ങളീ നക്ഷത്രങ്ങൾ.” എന്ന നിലയിൽ കരുത്തുള്ളവയാണ്.

# അനുബന്ധം

ബിയ്യാശയെ ആദ്യമായി കാണുന്നത് കോളേജിൽ വച്ചാണ്. മേഘങ്ങൾക്ക് തുളവീണപോലെ മഴപെയ്തുതോർന്ന നേരമായിരുന്നു അത്. കനത്ത മഴയിൽ കാണാതായ ആടുകളെ തിരഞ്ഞുവന്നതായിരുന്നു അവർ. മഴക്കാലത്ത് ദ്വീപിൽ സുലഭമായി കാണുന്ന തിര്ണി യിലകളുമായി ക്യാമ്പസിലേക്ക് കയറിവന്ന ഉമ്മ, മുറ്റത്തെ വേപ്പ് മരത്തിന്റെ ചോട്ടിലിരുന്ന് നീട്ടി വിളിച്ചു.

" മുത്ത്ബീ... കുന്നിബീ... ആറ്റബീ..."

ഒട്ടും ശല്യമുണ്ടാക്കാതെ ക്ലാസിന് പുറത്തെ വരാന്തയിൽ ചുരുണ്ടുകൂടി കിടന്നിരുന്ന ആടുകൾ ആഹ്ലാദത്തിന്റെ സൈറൺ വിളിച്ച് ഉമ്മയുടെ അരികിലേക്ക് പാഞ്ഞു. ഗുപ്തൻ നായരുടെ സാഹിതീയ വിമർശനങ്ങളിൽ കിടന്നു ഞെളിപിരികൊണ്ടിരുന്ന ക്ലാസ് മുറിയൊന്നാകെ മുറ്റത്ത് ഈറനണിഞ്ഞ് നിൽക്കുന്ന വേപ്പ്മരച്ചോട്ടിലേക്ക് വഴുതിവീണു.

തനിക്ക് ചുറ്റിലും നിരന്നുനിന്ന് സ്നേഹവൃത്തം വരയ്ക്കുന്ന ആടുകളെ ഉടുത്തിരിക്കുന്ന പുള്ളിച്ചേല കൊണ്ട് തോർത്തിക്കൊടുക്കുകയാണ് അവർ. അനുസരണയുള്ള കൊച്ചു കുട്ടികളായി ആടുകൾ ഉമ്മയോട് ചേർന്നുനിന്നു.

" ഇങ്ങ്ന മളയത്ത് നെനഞ്ഞാ മക്കക്ക് ഫനി പിടിക്കേ"

മാതാവിന്റെ സ്നേഹംനിറഞ്ഞ ശാസന കേട്ട് ആടുകൾ പതുക്കെ മുരണ്ടു. അവർക്ക് മാത്രം തിരിയുന്ന ഭാഷയിൽ. ഉമ്മയോട് ചെവിയുരുമ്മിനിൽക്കാൻ ആളുകൾ മത്സരിച്ചു. ആശ്വാസവാക്കുകൾ കൊണ്ട് അവർ ഓരോരുത്തരെയും തലോടിക്കൊണ്ടിരുന്നു. സ്നേഹത്തിന്റെ നിറവിൽ അലിഞ്ഞുതീരാൻ കൊതിച്ച ആടുകൾ ഉമ്മയോട് കൂടുതൽ അടുത്തുനിന്നു. മാതൃവാത്സല്യത്തിന്റെ തിരമാലകൾ ഉയർന്നു; ആട്ടിൻപറ്റങ്ങളുടെ സങ്കടതീരം മുങ്ങിപ്പോയി.